©
**കേരള സർക്കാർ**
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 14** Vol. XIV | **തിരുവനന്തപുരം, തിങ്കൾ** Thiruvananthapuram, Monday | **2025 ആഗസ്റ്റ് 18** 18th August 2025 **1201 ചിങ്ങം 2** 2nd Chingam 1201 **1947 ശ്രാവണം 27** 27th Sravana 1947 | **നമ്പർ** No. | **2982** |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 46/2025/തസ്വഭവ.**

**എസ്. ആർ. ഒ. നമ്പർ 910/2025**

*തിരുവനന്തപുരം, 2025, ആഗസ്റ്റ് 14*
*1200, കർക്കടകം 29*
*1947 ശ്രാവണം 23.*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 232, 233, 234 എന്നീ വകുപ്പുകളും 254-ാം വകുപ്പും കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിനിയോഗിച്ചുകൊണ്ട്, 1996 ജനുവരി 18-ാം തീയതിയിലെ സ. ഉ. (അച്ചടി) നം. 14/96/തഭവ. നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1996 ജനുവരി 18-ാം തീയതിയിലെ 88-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 76/96 ആയി പ്രസിദ്ധീകരിച്ചതുമായ 1996-ലെ The Kerala Panchayat Raj (Issue of License to Factories, Trades, Entrepreneurship activities and other services) Rules അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ, ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ചട്ടങ്ങൾക്ക് 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നു പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.-(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,-

(എ) 'ആക്റ്റ്' എന്നാൽ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994- ലെ 13) എന്നർത്ഥമാകുന്നു;

(ബി) 'മൂലധനനിക്ഷേപം' എന്നാൽ ഭൂമിയുടെയും കെട്ടിടത്തിന്റെയും മൂല്യം ഒഴികെ ഒരു സംരംഭത്തിനായി മുതൽ മുടക്കിയിട്ടുള്ള ആകെ തുക എന്നർത്ഥമാകുന്നു;

(സി) 'കാറ്റഗറി ഒന്ന് സംരംഭങ്ങൾ' എന്നാൽ ആവിശക്തിയോ ജലശക്തിയോ മറ്റ് യാന്ത്രികശക്തിയോ വിദ്യുച്ഛക്തിയോ ഉപയോഗിച്ച് അസംസ്കൃത വസ്തുവിനെ ഉൽപ്പന്നമാക്കി മാറ്റുന്ന ഉല്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറി അല്ലെങ്കിൽ വ്യവസായം അല്ലെങ്കിൽ വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലിസ്ഥലം അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്ന് അർത്ഥമാകുന്നതും എന്നാൽ നിയമപരമായി അനുവദനീയമല്ലാത്ത പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടാത്തതുമാകുന്നു;

(ഡി) 'കാറ്റഗറി രണ്ട് സംരംഭങ്ങൾ' എന്നാൽ സേവനങ്ങൾ നൽകുന്നതോ അല്ലെങ്കിൽ വ്യാപാരത്തിലോ, വാണിജ്യ പ്രവർത്തനങ്ങളിലോ ഏർപ്പെട്ടിരിക്കുന്നതോ ആയ സ്ഥാപനങ്ങൾ എന്ന് അർത്ഥമാകുന്നതും എന്നാൽ നിയമപരമായി അനുവദനീയമല്ലാത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടാത്തതുമാകുന്നു;

കുറിപ്പ്:- മൊബൈൽ സെയിൽസ്/സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയും ഉപഭോക്താവ് നേരിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ ആവശ്യപ്പെടുന്നതനുസരിച്ച് ഉപഭോക്താവിന്റെ വാതിൽപ്പടിയിലോ അല്ലെങ്കിൽ ഉപഭോക്താവ് ആവശ്യപ്പെടുന്ന മറ്റേതെങ്കിലും സ്ഥലത്തോ സാധനങ്ങളോ സേവനങ്ങളോ എത്തിച്ചു നൽകുന്ന പ്രവർത്തനങ്ങളും ഈ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസിന്റെ ആവശ്യത്തിലേയ്ക്കായി കാറ്റഗറി രണ്ട് സംരംഭങ്ങളായി കരുതേണ്ടതാണ്.

(ഇ) 'സംരംഭങ്ങൾ' എന്നാൽ അതത് സംഗതി പോലെ കാറ്റഗറി ഒന്ന് സംരംഭങ്ങൾ എന്നോ കാറ്റഗറി രണ്ട് സംരംഭങ്ങൾ എന്നോ അല്ലെങ്കിൽ കാറ്റഗറി ഒന്നിലോ കാറ്റഗറി രണ്ടിലോ ഉൾപ്പെട്ട സംരംഭങ്ങൾ എന്നോ അർത്ഥമാകുന്നു;

(എഫ്) 'ഫാക്ടറി' എന്നാൽ 1948-ലെ ഫാക്ടറീസ് ആക്റ്റിലെ (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു ഫാക്ടറി എന്നർത്ഥമാകുന്നു;

(ജി) 'ഫാറം' എന്നാൽ ഈ ചട്ടങ്ങളിൽ ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു;

(എച്ച്) 'ശല്യം' എന്നാൽ കാഴ്ചയ്ക്കോ ഘ്രാണശക്തിക്കോ ശ്രവണശക്തിക്കോ വിശ്രമത്തിനോ നിദ്രയ്ക്കോ, ഹാനിയോ ആപത്തോ അസ്വസ്ഥതയോ ഉപദ്രവമോ ഉണ്ടാകുന്നതോ ഉണ്ടാക്കാനിടയുള്ളതോ, അല്ലെങ്കിൽ ജീവന് ആപൽക്കരമായിട്ടുള്ളതോ ആപൽക്കരമായിത്തീരാവുന്നതോ, അല്ലെങ്കിൽ ആരോഗ്യത്തിനോ വസ്തുവിനോ ഹാനികരമായിട്ടുള്ളതോ ഹാനികരമായിത്തീരാവുന്നതോ, ആയ ഏതൊരു പ്രവൃത്തിയും സ്ഥലവും അല്ലെങ്കിൽ സാധനവും എന്നർത്ഥമാകുന്നു;

(ഐ) 'സെക്രട്ടറി' എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(ജെ) 'പട്ടിക' എന്നാൽ ഈ ചട്ടങ്ങളിൽ ചേർത്തിട്ടുള്ള പട്ടിക എന്നർത്ഥമാകുന്നു;

(കെ) 'വകുപ്പ്' എന്നാൽ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(എൽ) 'സേവനം' എന്നാൽ ഭൗതിക ഉത്പന്നങ്ങൾ (Physical products) ഒഴികെ പണം ഈടാക്കിക്കൊണ്ട് നിർവ്വഹിക്കപ്പെടുന്ന ഏതെങ്കിലും പ്രവൃത്തി എന്നർത്ഥമാകുന്നു;

(എം) 'മാലിന്യം' എന്നാൽ അഴുക്കുവെള്ളം, വിസർജ്ജ്യവസ്തുക്കൾ, ദുർഗന്ധമുള്ളതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചീഞ്ഞതുമായ വസ്തുക്കൾ, നീക്കം ചെയ്യപ്പെടാത്തപക്ഷം പൊതുജനാരോഗ്യത്തിന് ഹാനികരമാകാവുന്ന മറ്റെല്ലാ വസ്തുക്കളും എന്നർത്ഥമാകുന്നു;

(എൻ) 'വർഷം' എന്നാൽ ഒരു മാസത്തിലെ ഒരു തീയതിയിൽ തുടങ്ങി തൊട്ടടുത്ത വർഷത്തെ അതേ മാസത്തിലെ അതേ തീയതിക്ക് തൊട്ടുമുമ്പുള്ള ദിവസം അവസാനിക്കുന്ന കാലയളവ് എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>കാറ്റഗറി രണ്ട് സംരംഭങ്ങൾ സംബന്ധിച്ചുള്ള പരസ്യം പ്രസിദ്ധപ്പെടുത്തൽ</u>.–ഓരോ ഗ്രാമപഞ്ചായത്തും, ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട ഏതൊരു സ്ഥലമോ കെട്ടിടമോ ഒന്നോ അതിലധികമോ സേവന ആവശ്യങ്ങൾക്കോ, വ്യാപാര–വാണിജ്യ പ്രവർത്തനങ്ങൾക്കോ 232–ാം വകുപ്പ് പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലെന്ന് ഗ്രാമപഞ്ചായത്താഫീസിലെ നോട്ടീസ് ബോർഡിലും ഗ്രാമപഞ്ചായത്തിലെ ഓരോ നിയോജകമണ്ഡലത്തിലേയും പ്രധാനപ്പെട്ട സ്ഥലങ്ങളിലും നോട്ടീസ് പതിച്ചും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റ് മുഖേനയും ഈ ചട്ടങ്ങളുടെ പ്രാബല്യത്തീയതി മുതൽ 60 ദിവസത്തിനകം പരസ്യം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

4. <u>ലൈസൻസിനുള്ള അപേക്ഷ</u>.–(1) കാറ്റഗറി രണ്ട് സംരംഭക ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നതും എന്നാൽ ഈ ചട്ടങ്ങളുടെ പ്രാബല്യത്തീയതിയിൽ സെക്രട്ടറിയുടെ ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്നതുമായ ഏതൊരു സ്ഥലത്തിന്റെ/കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം/കെട്ടിടം ഉപയോഗിക്കുന്നതിനുള്ള 232–ാം വകുപ്പ് അനുസരിച്ചുള്ള ലൈസൻസിന് വേണ്ടി 3–ാം ചട്ടപ്രകാരമുള്ള പരസ്യം പ്രസിദ്ധപ്പെടുത്തി മുപ്പത് ദിവസത്തിനകം സെക്രട്ടറിക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഫാറം 1–ൽ അപേക്ഷ നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം ഏതൊരു സ്ഥലവും/കെട്ടിടവും കാറ്റഗറി രണ്ട് സംരംഭക ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം/കെട്ടിടം ഉപയോഗിക്കുന്നതിനുള്ള 232-ാം വകുപ്പ് അനുസരിച്ചുള്ള ലൈസൻസിന് വേണ്ടി, ഏത് തീയതി മുതൽ ആ സ്ഥലം/കെട്ടിടം ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവോ ആ തീയതിക്ക് 15 ദിവസം മുമ്പായി, സെക്രട്ടറിക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഫാറം 1-ൽ അപേക്ഷ നൽകേണ്ടതാണ്.

കുറിപ്പ് - (1) മൊബൈൽ സെയിൽസ്/സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ സംഗതിയിൽ അവ ഓരോന്നിനും പ്രത്യേകം പ്രത്യേകമായി ലൈസൻസ് നേടേണ്ടതാണ്.

കുറിപ്പ് - (2) മൊബൈൽ സെയിൽസ്/സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയുടെ സംഗതിയിൽ അവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി അവയുടെ പ്രവർത്തന മേഖലയ്ക്കുള്ളിൽ ഒരു ഓഫീസ് നിലവിലുണ്ടെങ്കിൽ ആ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടേണ്ടതാണ്. പ്രവർത്തനം നിയന്ത്രിക്കുന്നതിനായി അവയുടെ പ്രവർത്തന മേഖലയ്ക്കുള്ളിൽ ഒരു ഓഫീസ് നിലവിലില്ലെങ്കിൽ കൂടുതൽ പ്രവർത്തന മേഖലയുള്ള ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടേണ്ടതാണ്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തന മേഖലയുള്ള ഇത്തരം സംരംഭങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്ന സംഗതിയിൽ അപ്രകാരം ലൈസൻസ് അനുവദിച്ചിട്ടുള്ള വിവരം അതാത് ഗ്രാമപഞ്ചായത്തുകളെ സെക്രട്ടറി അറിയിക്കേണ്ടതാണ്.

(3) ഈ ചട്ടങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും, ഈ ചട്ടങ്ങളുടെ പ്രാബല്യ തീയതിയിൽ 1996-ലെ The Kerala Panchayat Raj (issue of license of factories, trades entrepreneurship activities and other services) Rules പ്രകാരം നൽകിയിട്ടുള്ള ഒരു ലൈസൻസിന് ആ ലൈസൻസിൽ രേഖപ്പെടുത്തിയിട്ടുള്ള കാലാവധി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) (1)-ാം ഉപചട്ടവും, (2)-ാം ഉപചട്ടവും പ്രകാരം നൽകുന്ന അപേക്ഷകളിൽ താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

(i) സ്ഥലത്തിന്റെ/കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ.

(ii) സ്ഥലം/കെട്ടിടം അപേക്ഷകന്റെ സ്വന്തമല്ലെങ്കിൽ ലീസ് എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/ മുദ്രപത്രത്തിലുള്ള ഉടമയുടെ സമ്മതപത്രം

(iii) ഒന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഫീസ് ഒടുക്കിയതിന്റെ രസീത്.

കുറിപ്പ് - ഈ ചട്ടങ്ങളുടെ ആവശ്യത്തിലേയ്ക്കായി കെട്ടിടം എന്നതിൽ ഹൗസ് ബോട്ടുകളും മൊബൈൽ സെയിൽസിനായോ/സർവ്വീസിനായോ, മൊബൈൽ റസ്റ്റോറന്റുകളായോ ഉപയോഗിക്കുന്ന വാഹനങ്ങളും ഉൾപ്പെടുന്നതാണ്.

(5) (1)-ാം ഉപചട്ടവും, (2)-ാം ഉപചട്ടവും പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷ ലഭിക്കുന്നവേളയിൽ തന്നെ പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകളിൽ ആവശ്യമായ ഏതെങ്കിലും രേഖകൾ നൽകിയിട്ടില്ലാത്തപക്ഷം അവ 3 ദിവസത്തിനകം ഹാജരാക്കുവാൻ അപേക്ഷകന് അപ്പോൾ തന്നെ രേഖാമൂലം അറിയിപ്പ് നൽകേണ്ടതുമാണ്.

5. <u>സെക്രട്ടറി അപേക്ഷയുടെ കാര്യത്തിൽ തീർപ്പ് കൽപ്പിക്കണമെന്ന്</u>.-(1) 4-ാം ചട്ടത്തിലെ (4)-ാം ഉപചട്ടം അനുശാസിക്കുന്ന എല്ലാ രേഖകളും സഹിതം ലഭിക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ, സംരംഭത്തിനായി സ്ഥലം ഉപയോഗിക്കുന്ന സംഗതിയിൽ സ്ഥലത്തിന്റെയും കെട്ടിടം ഉപയോഗിക്കുന്ന സംഗതിയിൽ കെട്ടിടത്തിന്റെയും അനുയോജ്യത ഉറപ്പാക്കിയ ശേഷം അപേക്ഷ ലഭിച്ച് പരമാവധി 5 ദിവസത്തിനുള്ളിൽ സെക്രട്ടറി ഫാറം 2-ൽ ലൈസൻസ് അനുവദിക്കേണ്ടതാണ്.

(2) അപാർട്ട്മെന്റ് ബിൽഡിംഗുകൾ, റെസിഡൻഷ്യൽ ഫ്ലാറ്റുകൾ, ലോഡ്ജുകൾ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സെമിനാരികൾ/കോൺവെന്റുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ഡോർമെറ്ററികൾ, ടൂറിസ്റ്റ് ഹോമുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, സർവ്വീസ്ഡ് വില്ലകൾ, ഹോസ്റ്റലുകൾ, കോൺഫറൻസ് ഹാളുകൾ, ഡൈനിംഗ് ഹാളുകൾ, അസംബ്ലി മുറികൾ എന്നിവ ഒഴികെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അംഗീകൃത കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള ഒരു കെട്ടിടത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വിനിയോഗഗണ (occupancy) വ്യവസ്ഥകൾ പരിഗണിക്കാതെ തന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ വിഭാഗത്തിൽപ്പെട്ട കാറ്റഗറി രണ്ട് സംരംഭങ്ങൾക്ക് ലൈസൻസ് അനുവദിക്കാവുന്നതാണ്:

എന്നാൽ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ ഇത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്ന സംഗതിയിൽ, സംരംഭത്തിനായി ഉപയോഗിക്കുന്ന വിസ്തീർണ്ണം, ആ കെട്ടിടത്തിന്റെ നിർമ്മിതി വിസ്തീർണ്ണത്തിന്റെ 50 ശതമാനത്തിലധികം അധികരിക്കുവാൻ പാടുള്ളതല്ല.

(3) റസ്റ്റാറന്റുകൾ, ഭക്ഷണശാലകൾ, ഹോട്ടലുകൾ, കാപ്പിക്കടകൾ, ചായക്കടകൾ, ബാർബർ ഷോപ്പുകൾ, ബ്യൂട്ടീ പാർലറുകൾ തുടങ്ങിയവ നടത്തുന്നതിനാണ് ലൈസൻസ് എങ്കിൽ പൊതുജനങ്ങളിൽപ്പെട്ട ഏതൊരംഗത്തിനും അവിടെ പ്രവേശനം ലഭ്യമായിരിക്കുമെന്നുള്ള ഒരു വ്യവസ്ഥ സെക്രട്ടറി നൽകുന്ന ലൈസൻസിൽ എപ്പോഴും അടങ്ങിയിരിക്കേണ്ടതും, അങ്ങനെ അടങ്ങിയിരിക്കുന്നതായി കരുതപ്പെടുന്നതുമാണ്.

(4) 4-ാം ചട്ടത്തിലെ (1) ഉം (2) ഉം ഉപചട്ടങ്ങൾ പ്രകാരം ലൈസൻസിനു വേണ്ടി അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ച് ദിവസങ്ങൾക്കകം, സെക്രട്ടറി അതിന്മേലുള്ള ഏതൊരു തീരുമാനവും അപേക്ഷകനെ അറിയിക്കാതിരിക്കുന്ന പക്ഷം, ആക്റ്റിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് ലൈസൻസ് നൽകിയതായി കരുതപ്പെടുന്നതുമാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽ പെട്ടാൽ, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് അപേക്ഷകന് നൽകിയതിന് ശേഷവും, പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ നൽകിയ മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ചതിന് ശേഷവും, ലൈസൻസ് റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം ലൈസൻസ് റദ്ദാക്കുന്ന സംഗതിയിൽ, ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന ഒരു ലക്ഷം രൂപയിൽ കവിയാത്ത ഒരു തുക പിഴയായി അപേക്ഷകന് മേൽ സെക്രട്ടറിക്ക് ചുമത്താവുന്നതാണ്.

6. ലൈസൻസിനുള്ള ഫീസ്.-232-ാം വകുപ്പ് അനുസരിച്ച് സെക്രട്ടറി നൽകുന്ന ഏതൊരു ലൈസൻസിനും, ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ *കൂടുതലാകാത്ത* രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള തുക ലൈസൻസ് ഫീസായി സെക്രട്ടറിക്ക് ചുമത്താവുന്നതാണ്.

7. ലൈസൻസിന്റെ കാലാവധി.-5-ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിന്റെയും കാലാവധി ഒരു മുൻ തീയതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ സെക്രട്ടറി കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയതിയിൽ അവസാനിക്കുന്നതും, അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്താവുന്നതുമാണ്. സംരംഭകന്റെ അപേക്ഷ അനുസരിച്ച് ലൈസൻസ് ഒന്നിൽ കൂടുതൽ വർഷത്തെ കാലാവധിയിൽ അനുവദിക്കുന്ന സംഗതികളിൽ ഒന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ അത്രയും ഇരട്ടി തുക മുൻകൂറായി ഈടാക്കേണ്ടതാണ്.

8. ഗാർഹികാവശ്യങ്ങൾക്കായി സംഭരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ലൈസൻസ് ആവശ്യമില്ലെന്ന്.-ഈ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗാർഹിക ആവശ്യങ്ങൾക്കായി സാധനങ്ങൾ സംഭരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സെക്രട്ടറിയുടെ ലൈസൻസ് ആവശ്യമില്ലാത്തതാണ്.

9. ഒന്നിലധികം ആവശ്യങ്ങൾക്ക് ലൈസൻസ് നൽകൽ.-ഒന്നിലധികം തരം സേവനങ്ങൾ നൽകുന്നതിനോ അല്ലെങ്കിൽ ഒന്നിലധികം തരം വ്യാപാരത്തിനോ അല്ലെങ്കിൽ ഒന്നിലധികം തരം വാണിജ്യ പ്രവർത്തനങ്ങൾക്കോ ആയി ഒരേ സ്ഥലം അല്ലെങ്കിൽ കെട്ടിടം ഉപയോഗിക്കുന്നപക്ഷം, അപ്രകാരമുള്ള എല്ലാ ആവശ്യങ്ങൾക്കുമായി സെക്രട്ടറിക്ക് ലൈസൻസ് അനുവദിക്കാവുന്നതും, അപ്രകാരം നൽകപ്പെടുന്ന ലൈസൻസിൽ അനുവദിക്കപ്പെടുന്ന എല്ലാ സേവനങ്ങളുടെയും, വ്യാപാരങ്ങളുടെയും, വാണിജ്യ പ്രവർത്തനങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്:

എന്നാൽ, ഈ ചട്ടത്തിലെ യാതൊന്നും തന്നെ ഒരു സ്ഥലം അല്ലെങ്കിൽ ഒരു കെട്ടിടം സേവനങ്ങൾക്കോ വ്യാപാരങ്ങൾക്കോ വാണിജ്യ പ്രവർത്തനങ്ങൾക്കോ ആയി ഒരുമിച്ച് ഒരേ സമയം ഉപയോഗിക്കുന്നതിനായി ലൈസൻസ് നൽകുന്നതിൽ നിന്നും സെക്രട്ടറിയെ വിലക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

കുറിപ്പ്: ലൈസൻസ് അനുവദിക്കപ്പെട്ടിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഒരു സ്ഥലം അല്ലെങ്കിൽ കെട്ടിടം ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആ വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതും, പ്രസ്തുത ആവശ്യങ്ങൾക്കും കൂടി ആ സ്ഥലം ഉപയോഗിക്കുന്നതിനുള്ള സെക്രട്ടറിയുടെ അനുവാദം വാങ്ങേണ്ടതുമാണ്. ഇപ്രകാരം ലൈസൻസ് അനുവദിക്കുമ്പോൾ സംരംഭത്തിന്റെ മൂലധന നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടാകുന്ന പക്ഷം മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്ന തീയതി മുതൽ അതനുസരിച്ചുള്ള അധിക ഫീസ് കൂടി സംരംഭകനിൽ നിന്നും ഈടാക്കേണ്ടതാണ്.

10. സേവനങ്ങൾ, വ്യാപാരങ്ങൾ, വാണിജ്യ പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.-ചട്ടം 5 പ്രകാരം ലൈസൻസ് നൽകപ്പെട്ട സേവനമോ വ്യാപാരമോ വാണിജ്യ പ്രവർത്തനമോ മൂലം പരിസരവാസികൾക്ക് ശല്യമുണ്ടാകുന്നതായി സെക്രട്ടറിക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ബോദ്ധ്യപ്പെടുന്നപക്ഷം പ്രസ്തുത ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ ബന്ധപ്പെട്ട ലൈസൻസിയോട് സെക്രട്ടറിക്ക് നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരം നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തപക്ഷം, സെക്രട്ടറിയ്ക്ക് തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ സംരംഭകൻ സ്വീകരിക്കുന്ന സമയം വരെ, ശല്യമുണ്ടാക്കുന്ന സേവനമോ വ്യാപാരമോ വാണിജ്യപ്രവർത്തനമോ പൂർണ്ണമായോ ഭാഗികമായോ നിരോധിക്കാവുന്നതാണ്:

എന്നാൽ, ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകാതെയും അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകാതെയും സെക്രട്ടറി പ്രസ്തുത നിരോധന ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

11. <u>കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കുള്ള അപേക്ഷ</u>.-(1) കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെടുന്ന ഒരു സംരംഭം ഒരു പുരയിടത്തിലോ അല്ലെങ്കിൽ കെട്ടിടത്തിലോ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, പ്രസ്തുത പുരയിടം അല്ലെങ്കിൽ കെട്ടിടം ഏതു തീയതി മുതൽ ആ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ ആ തീയതിക്ക് 45 ദിവസം മുമ്പായി, പ്രസ്തുത പുരയിടം അല്ലെങ്കിൽ കെട്ടിടം ആ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നതിന് 233-ാം വകുപ്പ് അനുസരിച്ചുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതിയ്ക്കായി ഫാറം 4-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്.

<u>കുറിപ്പ്:-</u> കാറ്റഗറി ഒന്ന് സംരംഭങ്ങൾ അവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അധിക മൂലധനനിക്ഷേപം നടത്തുന്നത് 233-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യമായ ഒരു പ്രവൃത്തിയായി കണക്കാക്കേണ്ടതാണ്.

(2) കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണത്തിന്റെ ആവശ്യകതയുണ്ടെങ്കിൽ അതിന് ഗ്രാമപഞ്ചായത്ത് പ്രദേശത്തു ബാധകമായ കെട്ടിട

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സെക്രട്ടറിയുടെ അനുമതിക്ക് പ്രത്യേകമായി അപേക്ഷിക്കേണ്ടതും അനുമതി വാങ്ങേണ്ടതുമാണ്.

(3) കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെടുന്ന ഒരു സംരംഭം നിലവിലുള്ള ഒരു കെട്ടിടത്തിൽ സ്ഥാപിക്കുവാനാണ് അപേക്ഷകൻ ഉദ്ദേശിക്കുന്നതെങ്കിൽ, അപ്രകാരമുള്ള കെട്ടിടം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കപ്പെടുന്നതായിരിക്കേണ്ടതാണ്:

എന്നാൽ അപ്പാർട്ട്മെന്റ് ബിൽഡിംഗുകൾ, റെസിഡൻഷ്യൽ ഫ്ലാറ്റുകൾ, ലോഡ്ജുകൾ, സെമിനാരികൾ/കോൺവെന്റുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ഡോർമെറ്ററികൾ, ടൂറിസ്റ്റ് ഹോമുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, സർവ്വീസ് വില്ലകൾ, ഹോസ്റ്റലുകൾ, കോൺഫറൻസ് ഹാളുകൾ, ഡൈനിംഗ് ഹാളുകൾ, അസംബ്ലി മുറികൾ എന്നിവ ഒഴികെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും അംഗീകൃത കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള ഒരു കെട്ടിടത്തിൽ താഴെപ്പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾ അനുവദിക്കാവുന്നതും പ്രസ്തുത സംരംഭങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വിനിയോഗഗണ (occupancy) വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതില്ലാത്തതുമാണ്, അതായത്,-

(i) ഭൂമി, കെട്ടിടം എന്നിവ ഒഴികെയുള്ള ആകെ മൂലധനം 10 ലക്ഷം രൂപ വരെ,

(ii) മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെട്ടവ,

(iii) അഞ്ച് കുതിരശക്തിയിൽ കുറവ് ശേഷിയുള്ള യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളവ:

എന്നിരുന്നാലും, താമസാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടങ്ങളിൽ ഇത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്ന സംഗതിയിൽ, സംരംഭത്തിനായി ഉപയോഗിക്കുന്ന വിസ്തീർണ്ണം,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആ കെട്ടിടത്തിന്റെ നിർമ്മിതി വിസ്തീർണ്ണത്തിന്റെ 50 ശതമാനത്തിലധികം അധികരിക്കുവാൻ പാടുള്ളതല്ല.

(4) കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് 233-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന അനുമതി കെട്ടിട നിർമ്മാണത്തിനുള്ള അനുമതിയായോ, കാറ്റഗറി ഒന്ന് സംരംഭങ്ങളുടെ കെട്ടിട നിർമ്മാണത്തിന് സെക്രട്ടറി നൽകുന്ന അനുമതി കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതിയായോ കണക്കാക്കപ്പെടുന്നതല്ല.

(5) (1)-ാം ഉപചട്ട പ്രകാരമുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളും ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(i) സൈറ്റ് പ്ലാൻ - (1:400 സ്കെയിലിൽ കുറയാതെ തയ്യാറാക്കിയ സൈറ്റ് പ്ലാനിൽ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള അല്ലെങ്കിൽ കൈവശത്തിലുള്ള പുരയിടത്തിന്റെ സർവ്വേ നമ്പർ, വിസ്തൃതി, കെട്ടിടത്തിന്റെ സ്ഥാനം, കെട്ടിടത്തിന്റെ വിസ്തൃതി, കെട്ടിടത്തിന് അതിരുകളിൽ നിന്നുള്ള അകലം, തൊട്ടടുത്ത വസ്തുക്കളുടെയും റോഡുകളുടെയും വിവരണം, സൈറ്റിന്റെ അതിരിൽ നിന്ന് നൂറ് മീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന വാസഗൃഹങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മറ്റ് പൊതുസ്ഥാപനങ്ങൾ, പൊതുജലാശയങ്ങൾ എന്നിവയുടെ സ്ഥാനം തുടങ്ങിയവ രേഖപ്പെടുത്തേണ്ടതാണ്.);

(ii) സ്ഥലത്തിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ;

(iii) സ്ഥലം/കെട്ടിടം അപേക്ഷകന്റെ സ്വന്തമല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം;

(iv) സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി രണ്ടാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള ഫീസ് ഒടുക്കിയതിന്റെ രസീത്;

(v) ഉപചട്ടം (11) പ്രകാരമുള്ള രേഖകൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ്: ഈ ഉപചട്ടത്തിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയും കാറ്റഗറി ഒന്ന് സംരംഭങ്ങളുടെ അനുമതിക്കുള്ള അപേക്ഷയും ഒരേ സമയം നൽകുന്നതിൽ നിന്നും ഒരു സംരംഭകനെ വിലക്കുന്നതായി കണക്കാക്കുവാൻ പാടുള്ളതല്ല.

(6) ഉപചട്ടം (1) പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ, സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും എല്ലാ അനുബന്ധരേഖകളും അപേക്ഷ ലഭിക്കുമ്പോൾ തന്നെ പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം ആവശ്യമായ ഏതെങ്കിലും രേഖകൾ നൽകിയിട്ടില്ലാത്ത പക്ഷം അഥവാ അപേക്ഷകൻ നൽകുവാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അവ സംബന്ധിച്ച വിശദാംശങ്ങൾ സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപ്പോൾ തന്നെ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും ആവശ്യമായ രേഖകൾ എത്രയും വേഗം, എന്നാൽ അപേക്ഷ ലഭിച്ച തീയതി മുതൽ അഞ്ചു ദിവസം കഴിയുന്നതിന് മുമ്പായി നൽകുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതുമാണ്.

(7) സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, അപേക്ഷ ലഭിച്ചതിനു ശേഷം, കഴിയുന്നതും വേഗം, അനുവാദത്തിനായി അപേക്ഷിച്ചിട്ടുള്ള ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ, ജോലി സ്ഥലത്തിന്റെയോ, യന്ത്രസാമഗ്രികളുടെയോ, മാനുഫാക്ച്ചറിംഗ് പ്ലാന്റിന്റെയോ സ്ഥാപിക്കൽ പരിസരത്തെ ജനസാന്ദ്രത മൂലം ശല്യമോ മലിനീകരണമോ ഉണ്ടാക്കാമെന്ന കാരണത്താൽ ആക്ഷേപമുണ്ടെങ്കിൽ, അത് ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും ഗ്രാമപഞ്ചായത്ത്, അപേക്ഷയും സെക്രട്ടറിയുടെയും മറ്റ് അധികാരികളുടെയും റിപ്പോർട്ടുകളും പരിഗണിച്ചതിനു ശേഷം, കഴിയുന്നതും വേഗം, എങ്ങനെയായിരുന്നാലും അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസത്തിനകം, അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായോ നൽകേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(8) (7)-ാം ഉപചട്ട പ്രകാരം ഗ്രാമപഞ്ചായത്ത് നൽകിയ അനുമതിയുടെ വിശദാംശങ്ങൾ ഫാറം 5-ൽ സെക്രട്ടറി സംരംഭകന് നൽകേണ്ടതാണ്.

(9) മേൽപ്പറഞ്ഞ പ്രകാരം അനുവാദത്തിന് വേണ്ടിയുള്ള അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പതു ദിവസങ്ങൾക്കകം, സെക്രട്ടറി അതിന്മേലുള്ള ഏതൊരു തീരുമാനവും അപേക്ഷകനെ അറിയിക്കാതിരിക്കുന്നപക്ഷം, ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ബൈലാകളിലെയും വ്യവസ്ഥകൾക്കും, ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടാവുന്നതാണ്.

എന്നാൽ, പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ, അനുമതി റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് അപേക്ഷകന് നൽകിയതിനു ശേഷവും പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ നൽകിയ മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ചതിന് ശേഷവും, അനുമതി റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം അനുമതി റദ്ദാക്കുന്ന സംഗതിയിൽ 5 ലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ അപേക്ഷകന് മേൽ സെക്രട്ടറിക്ക് ചുമത്താവുന്നതുമാണ്.

(10) (1)-ാം ഉപചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തിയതിനു ശേഷം പ്രസ്തുത അപേക്ഷയും 233-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടും (5)-ാം ഉപചട്ട പ്രകാരം മറ്റ് അധികാര സ്ഥാനങ്ങളിൽ നിന്ന് അപേക്ഷകൻ ലഭ്യമാക്കിയ രേഖകളും ഗ്രാമപഞ്ചായത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(11) ഉപചട്ടം (7) പ്രകാരം ഗ്രാമപഞ്ചായത്ത് പരിഗണിക്കേണ്ട റിപ്പോർട്ടുകളിൽ,-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) വകുപ്പ് 233 ഉപവകുപ്പ് (4) (എ) പ്രകാരമുള്ള ഒരു റിപ്പോർട്ടും;

(ii) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധന അനുസരിച്ച് പ്രസ്തുത സംരംഭത്തിന് വേണ്ട രജിസ്ട്രേഷൻ/സമ്മതപത്രവും ഉൾപ്പെടുന്നതാണ്.

(12) ഒരു ഫാക്ടറിയോ വ്യവസായ യൂണിറ്റോ സ്ഥാപിക്കുന്നതിന് അനുമതിക്കുള്ള അപേക്ഷ തീർപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വ്യവസായ വികസന ആവശ്യങ്ങൾക്കും തൊഴിൽ സാധ്യതകൾക്കും ഗ്രാമപഞ്ചായത്ത് ആവശ്യമായ പരിഗണന നൽകേണ്ടതാണ്.

(13) 233–ാം വകുപ്പ് (3)–ാം ഉപവകുപ്പ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന്മേൽ ആക്ഷേപമുള്ള പക്ഷം 271 എസ് വകുപ്പ് പ്രകാരം രൂപീകരിച്ച ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷകന് അപ്പീൽ നൽകാവുന്നതാണ്.

എന്നാൽ 232–ാം വകുപ്പ് പ്രകാരമുള്ള സെക്രട്ടറിയുടെ തീരുമാനത്തിന്മേൽ സർക്കാർ ഇതിനായി ജില്ലാ തല അപ്പീൽ കമ്മിറ്റിയെ ഗസറ്റ് വിജ്ഞാപനം മുഖേന നിയോഗിക്കുന്ന പക്ഷം ആ അപ്പീൽ കമ്മിറ്റി മുമ്പാകെ അപേക്ഷകന് അപ്പീൽ നൽകാവുന്നതാണ് .

(14) (1) മുതൽ (12) വരെ ഉപചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരോ സർക്കാർ നിയന്ത്രിത ഏജൻസിയോ അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന ഏര്യകൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾക്കും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വൈറ്റ് അല്ലെങ്കിൽ ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള ഫാക്ടറി അല്ലെങ്കിൽ വ്യവസായം അല്ലെങ്കിൽ വർക്ക്ഷോപ്പ് അല്ലെങ്കിൽ ജോലി സ്ഥലം അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കും 233-ാം വകുപ്പ് പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതിയോ ചട്ടം 12 പ്രകാരമുള്ള ലൈസൻസോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആവശ്യമില്ലാത്തതാണ്.

എന്നാൽ പ്രസ്തുത സംരംഭങ്ങളുടെ ഉടമസ്ഥർ ഫാറം 6-ലുള്ള അപേക്ഷയും മൂന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതലാകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള രജിസ്ട്രേഷൻ ഫീസും നൽകി അവ ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതും അവ ചട്ടം 13-ലെ വ്യവസ്ഥകളനുസരിച്ച് പുതുക്കേണ്ടതുമാണ്. ഇത്തരത്തിൽ സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിനുള്ള തെളിവിനായി സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഫാറം 7-ൽ അപേക്ഷ ലഭിച്ച് 3 ദിവസത്തിനകം സെക്രട്ടറി സംരംഭകന് നൽകേണ്ടതാണ്.

കുറിപ്പ് (I) :- ഈ ഉപചട്ടത്തിൽ പരാമർശിക്കുന്ന സംരംഭങ്ങൾ ഒരു പുരയിടത്തിലോ അല്ലെങ്കിൽ കെട്ടിടത്തിലോ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ആൾ, പ്രസ്തുത പുരയിടം അല്ലെങ്കിൽ കെട്ടിടം ഏതു തീയതി മുതൽ പ്രസ്തുത സംരംഭക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ ആ തീയതിക്ക് കുറഞ്ഞത് 15 ദിവസം മുമ്പായി പ്രസ്തുത സംരംഭം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സെക്രട്ടറിക്ക് നൽകേണ്ടതാണ്

കുറിപ്പ് (II) സംരംഭത്തിന്റെ മൂലധന നിക്ഷേപത്തിൽ വർദ്ധനവ് ഉണ്ടാകുന്ന പക്ഷം മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്ന തീയതി മുതൽ അതനുസരിച്ചുള്ള അധിക ഫീസ് കൂടി സംരംഭകനിൽ നിന്ന് ഈടാക്കേണ്ടതാണ്.

(15) (14)-ാം ഉപചട്ടപ്രകാരം നൽകുന്ന ഏതൊരു രജിസ്ട്രേഷന്റെയും കാലാവധി സെക്രട്ടറി ഒരു മുൻതീയതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ, അതിൽ പ്രത്യേകം പറയാവുന്ന മുൻതീയതിയിൽ അവസാനിക്കുന്നതും, അല്ലാത്തപക്ഷം രജിസ്ട്രേഷന്റെ കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്താവുന്നതുമാണ്. രജിസ്ട്രേഷൻ ഒന്നിൽ കൂടുതൽ വർഷത്തെ കാലാവധിയിൽ അനുവദിക്കുന്ന സംഗതികളിൽ മൂന്നാം പട്ടിക പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗ്രാമപഞ്ചായത്ത് ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള രജിസ്ട്രേഷൻ ഫീസിന്റെ അത്രയും ഇരട്ടി തുക മുൻകൂറായി ഈടാക്കേണ്ടതാണ്.

12. കാറ്റഗറി ഒന്ന് സംരംഭങ്ങൾക്കുള്ള ലൈസൻസ്.-കാറ്റഗറി ഒന്ന് സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് 11-ാം ചട്ടം (7)-ാം ഉപചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ച സംരംഭകർ അവ സ്ഥാപിച്ച ശേഷം അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധന അനുസരിച്ച് പ്രസ്തുത സംരംഭം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ/സമ്മതപത്രം ഫാറം 1-ലെ അപേക്ഷയോടൊപ്പം ഹാജരാക്കി 232-ാം വകുപ്പ് അനുസരിച്ചുള്ള ലൈസൻസ് ഫാറം 2-ൽ സെക്രട്ടറിയിൽ നിന്നും നേടിയിരിക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി നൽകുന്ന ഏതൊരു ലൈസൻസിനും ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതലാകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള തുക ലൈസൻസ് ഫീസായി സെക്രട്ടറിക്ക് ചുമത്താവുന്നതാണ്. അപേക്ഷകൻ ആവശ്യപ്പെടുകയാണെങ്കിൽ പ്രസ്തുത ലൈസൻസിന്റെ കാലാവധി, ഇതര വകുപ്പുകളും സ്ഥാപനങ്ങളും നൽകിയിട്ടുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങളുടെ കാലാവധികളിൽ കുറഞ്ഞ കാലാവധി കവിയുവാൻ പാടില്ല എന്ന നിബന്ധനക്ക് വിധേയമായി, പരമാവധി അഞ്ചു വർഷമായി നിജപ്പെടുത്താവുന്നതും അങ്ങനെയുള്ള സംഗതികളിൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഒന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ അത്രയും ഇരട്ടി തുക മുൻകൂറായി ഈടാക്കേണ്ടതുമാണ്.

13. ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കൽ.-(1) 5-ാം ചട്ടപ്രകാരമോ 12-ാം ചട്ടപ്രകാരമോ നൽകിയിട്ടുള്ള ഒരു ലൈസൻസോ 11-ാം ചട്ടം (14)-ാം ഉപചട്ടപ്രകാരം നൽകിയിട്ടുള്ള ഒരു രജിസ്ട്രേഷനോ ആ ലൈസൻസിന്റെ അല്ലെങ്കിൽ രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി ലൈസൻസുകളുടെ സംഗതിയിൽ, ഒന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കൂടുതലാകാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും, രജിസ്ട്രേഷനുകളുടെ സംഗതിയിൽ, മൂന്നാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത രീതിയിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള രജിസ്ട്രേഷൻ ഫീസും, അതത് സംഗതിപോലെ, ഫാറം 3 (എ)-യിലോ ഫാറം 3(ബി)-യിലോ ഫാറം 3(സി)- യിലോ സ്വയംസാക്ഷ്യപത്രവും നൽകുന്ന മുറയ്ക്ക് അതേ ദിവസം, അപേക്ഷ കൂടാതെ തന്നെ, എത്ര കാലത്തേക്കാണോ ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് ഫീസ് ഒടുക്കിയിട്ടുള്ളത് അത്രയും കാലത്തേക്ക്, എന്നാൽ പരമാവധി അഞ്ച് വർഷകാലയളവ് കവിയാതെ, പുതുക്കി നൽകേണ്ടതാണ്:

എന്നാൽ, സ്വയംസാക്ഷ്യപത്രത്തിൽ ഉറപ്പ് നൽകിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് പിന്നീട് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപെട്ടാൽ, ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് അപേക്ഷകന് നൽകിയതിനു ശേഷവും, പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ നൽകിയ മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ചതിന് ശേഷവും, ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കുന്ന സംഗതിയിൽ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന ഒരു ലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ തുക സംരംഭകന് മേൽ സെക്രട്ടറിക്ക് ചുമത്താവുന്നതുമാണ്.

(2) ഒന്നാം പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫീസ്, ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി ലൈസൻസ് ഫീസും സ്വയം സാക്ഷ്യപത്രവും നല്കുന്ന സംഗതിയിൽ മാത്രമേ ബാധകമാവുകയുള്ളൂ. നിലവിലുള്ള ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിനകം ലൈസൻസ് ഫീസും സ്വയം സാക്ഷ്യപത്രവും നല്കുന്ന സംഗതിയിൽ ഒരു വർഷത്തേക്കുള്ള ലൈസൻസ് ഫീസിന്റെ 10 ശതമാനം തുകയും, ലൈസൻസിന്റെ കാലാവധി അവസാനിച്ച ശേഷം ലൈസൻസ് ഫീസും സ്വയം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സാക്ഷ്യപത്രവും നല്കുന്ന സംഗതിയിൽ ഓരോ വർഷത്തേക്കും ലൈസൻസ് ഫീസിന്റെ 20 ശതമാനം വീതം തുകയും ലേറ്റ് ഫീസായി ഈടാക്കിക്കൊണ്ട് ലൈസൻസ് പുതുക്കി നൽകാവുന്നതാണ്:

എന്നാൽ, ലൈസൻസിന്റെ കാലാവധി അവസാനിച്ച ശേഷം, അത് പുതുക്കി നല്കുന്ന സംഗതിയിൽ, ലൈസൻസ് പുതുക്കിയിട്ടില്ലാതിരുന്ന കാലയളവിലേക്ക് സംരംഭത്തിന് ലൈസൻസ് നൽകപ്പെട്ടതായി കരുതുവാൻ പാടുള്ളതല്ല.

(3) മൂന്നാം പട്ടികയിൽ പറഞ്ഞിരിക്കുന്ന രജിസ്ട്രേഷൻ ഫീസ് രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി രജിസ്ട്രേഷൻ ഫീസും സ്വയം സാക്ഷ്യപത്രവും നല്കുന്ന സംഗതിയിൽ മാത്രമേ ബാധകമാവുകയുള്ളൂ. നിലവിലുള്ള രജിസ്ട്രേഷന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിനകം രജിസ്ട്രേഷൻ ഫീസും സ്വയം സാക്ഷ്യപത്രവും നല്കുന്ന സംഗതിയിൽ, ഒരു വർഷത്തേക്കുള്ള രജിസ്ട്രേഷൻ ഫീസിന്റെ 10 ശതമാനം തുകയും രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ച ശേഷം രജിസ്ട്രേഷൻ ഫീസും സ്വയം സാക്ഷ്യപത്രവും നല്കുന്ന സംഗതിയിൽ ഓരോ വർഷത്തേക്കും രജിസ്ട്രേഷൻ ഫീസിന്റെ 20 ശതമാനം വീതം തുകയും ലേറ്റ് ഫീസായി ഈടാക്കികൊണ്ട് രജിസ്ട്രേഷൻ പുതുക്കി നൽകാവുന്നതാണ്:

എന്നാൽ രജിസ്ട്രേഷൻ കാലാവധി അവസാനിച്ച ശേഷം അത് പുതുക്കി നല്കുന്ന സംഗതിയിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലാതിരുന്ന കാലയളവിലേക്ക് സംരംഭത്തിന് രജിസ്ട്രേഷൻ നൽകപ്പെട്ടതായി കരുതുവാൻ പാടുള്ളതല്ല.

(4) 5- ാം ചട്ട പ്രകാരമോ 12- ാം ചട്ട പ്രകാരമോ എടുത്തിട്ടുള്ള ഒരു ലൈസൻസിന്റെയോ 11-ാം ചട്ടം 14-ാം ഉപചട്ട പ്രകാരം എടുത്തിട്ടുള്ള ഒരു രജിസ്ട്രേഷന്റെയോ കാലാവധിക്കുള്ളിൽ ലൈസൻസോ/രജിസ്ട്രേഷനോ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ഇനങ്ങൾക്കായി ലൈസൻസ്/രജിസ്ട്രേഷൻ ആവശ്യമുള്ളപ്പോഴോ സംരംഭത്തിന്റെ മൂലധന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിക്ഷേപത്തിൽ വർധനവ് ഉണ്ടായിട്ടുള്ളപ്പോഴോ അതത് സംഗതി പോലെ ഫോറം 3 എ യിലോ ഫോറം 3 ബി യിലോ ഫോറം 3 സി യിലോ സ്വയം സാക്ഷ്യപത്രം നൽകി ലൈസൻസ്/രജിസ്ട്രേഷൻ പുതുക്കി വാങ്ങേണ്ടതാണ്.

14. ഒഴിവാക്കൽ.-താഴെ പറയുന്ന സംരംഭക പ്രവർത്തനങ്ങളെ 232-ാം വകുപ്പിന്റെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്;

(i) ഇരുചക്ര വാഹനങ്ങളിലും മുച്ചക്രവാഹനങ്ങളിലും നടത്തുന്ന ചുവടെ പറയുന്ന സംരംഭങ്ങൾ

(എ) മൊബൈൽ സെയിൽസ്/സർവ്വീസുകൾ;

(ബി) ഉപഭോക്താവ് നേരിട്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിലോ ആവശ്യപ്പെടുന്നതനുസരിച്ച് ഉപഭോക്താവിന്റെ വാതിൽപ്പടിയിലോ അല്ലെങ്കിൽ ഉപഭോക്താവ് ആവശ്യപ്പെടുന്ന മറ്റേതെങ്കിലും സ്ഥലത്തോ സാധനങ്ങളോ സേവനങ്ങളോ എത്തിച്ച് നൽകുന്ന പ്രവർത്തനങ്ങൾ;

(ii) 254-ാം വകുപ്പ് അനുസരിച്ച് ഉണ്ടാക്കിയിട്ടുള്ള മറ്റേതെങ്കിലും ചട്ടങ്ങൾ പ്രകാരം സെക്രട്ടറിയുടെ ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളവ;

(iii) സർക്കാർ വകയോ, എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളും അവയുടെ അനുബന്ധ പ്രവർത്തനങ്ങളും;

(iv) 1958-ലെ കേരള സിനിമാസ് (റെഗുലേഷൻ) ആക്റ്റും (1958-ലെ 32) 1988-ലെ കേരള സിനിമാസ് (റെഗുലേഷൻ) ചട്ടങ്ങളും പ്രകാരം ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളവ,

(v) 1963-ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ആക്റ്റും (1963-ലെ 40) 1965-ലെ കേരള പ്ലെയ്സസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങളും പ്രകാരം ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ള പബ്ലിക് റിസോർട്ട് അല്ലെങ്കിൽ വിനോദകേന്ദ്രങ്ങൾ:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, 50 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പബ്ലിക് റിസോർട്ടുകൾ അല്ലെങ്കിൽ വിനോദകേന്ദ്രങ്ങൾ ഈ ചട്ടങ്ങൾ പ്രകാരമുള്ള സെക്രട്ടറിയുടെ ലൈസൻസ് നേടിയിരിക്കേണ്ടതാണ്,

കുറിപ്പ്: ഈ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ പ്രതിഫലം ഈടാക്കി പ്രവേശനം അനുവദിക്കുന്ന ടർഫുകൾക്ക് ഈ ചട്ടങ്ങൾ പ്രകാരമുള്ള സെക്രട്ടറിയുടെ ലൈസൻസ് ആവശ്യമില്ലെന്ന് അർത്ഥമാക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

(vi) ധർമ്മക്കാര്യങ്ങൾക്കായി പ്രവർത്തിക്കുന്നതും മതപരമായ ഉദ്ദേശ്യത്തോടെയോ നടത്തപ്പെടുന്നതുമായ സ്ഥാപനങ്ങൾ (bonafied charitable and religious institutions);

(vii) പ്രതിഫലം കൈപ്പറ്റാതെ അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനമുള്ളതുമായ സ്ഥാപനങ്ങൾ, രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ എന്നിവ.

15. കാറ്റഗറി ഒന്ന് സംരംഭങ്ങളിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ.-കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെട്ട ഒരു സംരംഭത്തിൽ നിന്നും പരിസരവാസികൾക്ക് ശല്യമോ മലിനീകരണമോ ഉണ്ടാകുന്നതായി ഗ്രാമപഞ്ചായത്തിന് പരാതി ലഭിക്കുന്നപക്ഷം, സെക്രട്ടറി ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ വിദഗ്ധ ഉപദേശം തേടി പരാതിയുടെ നിജസ്ഥിതി വിലയിരുത്തേണ്ടതും പരാതി ബോധ്യപ്പെടുന്നപക്ഷം സെക്രട്ടറിക്ക് പ്രസ്തുത ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കാൻ ഉടമയോട് നിർദ്ദേശിക്കാവുന്നതും അപ്രകാരം നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്തപക്ഷം, തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ സംരംഭകൻ സ്വീകരിക്കുന്ന സമയം വരെ, ശല്യമുണ്ടാക്കുന്ന സംരംഭത്തിന്റെ പ്രവർത്തനം അതത് സംഗതിപോലെ, ഭാഗികമായോ പൂർണ്ണമായോ സെക്രട്ടറിക്ക് നിരോധിക്കാവുന്നതുമാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകാതെയും അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ ഒരു അവസരം നൽകാതെയും പ്രസ്തുത നിരോധന ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

16. സ്റ്റോൺ ക്രഷറിന് അനുമതി നൽകുന്നത് സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.-(1) ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു സ്റ്റോൺ ക്രഷർ സ്ഥാപിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിക്കാത്തപക്ഷം, ഗ്രാമപഞ്ചായത്ത് അനുമതി നൽകാൻ പാടുള്ളതല്ല, അതായത്:-

(i) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നു ലഭിച്ച സ്ഥാപനാനുമതി, ഫാറം 4-ലെ അപേക്ഷ, സൈറ്റ് പ്ലാൻ, ഭൂമിയുടെ ഉടമസ്ഥാവകാശം അല്ലെങ്കിൽ കൈവശം തെളിയിക്കുന്ന രേഖകൾ, സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ക്രഷറിന്റെ ശേഷി 30 കുതിരശക്തി വരെയുള്ളതാണെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥാപനാനുമതിക്കായി 25000 രൂപയും അതിൽ കൂടുതൽ ശേഷിയുള്ളതാണെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥാപനാനുമതിക്കായി 50000 രൂപയും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിനുള്ള രസീത് എന്നിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(ii) സൈറ്റ് പ്ലാൻ 1 : 400 സ്കെയ്‌ലിൽ കുറയാതെ തയ്യാറാക്കേണ്ടതും അതിൽ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള അല്ലെങ്കിൽ കൈവശത്തിലുള്ള സ്ഥലത്തിന്റെ സർവ്വെ നമ്പർ, വിസ്തൃതി, ക്രഷറിന്റെ സ്ഥാനം, ക്രഷറിന് അതിരുകളിൽ നിന്നുള്ള അകലം, തൊട്ടടുത്ത വസ്തുക്കളുടെയും റോഡുകളുടെയും വിവരണം എന്നിവ അടങ്ങിയിരിക്കേണ്ടതുമാണ്.

(2) ക്രഷറുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള സംരംഭകർ അവ സ്ഥാപിച്ച ശേഷം അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയും ലൈസൻസ് ഫീസായി, സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ക്രഷറിന്റെ ശേഷി 30 കുതിരശക്തി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വരെയുള്ളതാണെങ്കിൽ 50000 രൂപയും അതിൽ കൂടുതൽ ശേഷിയുള്ളതാണെങ്കിൽ 100000 രൂപയും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിനുള്ള രസീതും ഫാറം 1-ലെ അപേക്ഷയോടൊപ്പം ഹാജരാക്കി 232-ാം വകുപ്പ് അനുസരിച്ചുള്ള ലൈസൻസ്, ഫാറം 2-ൽ സെക്രട്ടറിയിൽ നിന്നും നേടിയിരിക്കേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിന്റെയും കാലാവധി ഒരു മുൻതീയതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ സെക്രട്ടറി കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻതീയതിയിൽ അവസാനിക്കുന്നതും, അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി അത് നൽകിയ തീയതി മുതൽ പരമാവധി അഞ്ച് വർഷമായി നിജപ്പെടുത്താവുന്നതുമാണ്. സംരംഭകന്റെ അപേക്ഷ അനുസരിച്ച് ലൈസൻസ് ഒന്നിൽ കൂടുതൽ വർഷത്തെ കാലാവധിയിൽ അനുവദിക്കുന്ന സംഗതികളിൽ (2)-ാം ഉപചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ അത്രയും ഇരട്ടി തുക മുൻകൂറായി ഈടാക്കേണ്ടതാണ്.

(4) (2)-ാം ഉപചട്ടം പ്രകാരം നൽകിയിട്ടുള്ള ഒരു ലൈസൻസ് അതിന്റെ കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി, ഫാറം 1-ലെ അപേക്ഷയും (2)-ാം ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള ഫീസും ഒടുക്കി, സെക്രട്ടറിയിൽ നിന്നും പുതുക്കി വാങ്ങേണ്ടതാണ്.

(5) ഒരു ക്രഷറിന് സെക്രട്ടറി ലൈസൻസ് നൽകുന്നത് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്, അതായത്,-

(i) ക്രഷർ വൈകുന്നേരം 6 മണിക്ക് ശേഷവും രാവിലെ 6 മണിക്ക് മുമ്പും പ്രവർത്തിപ്പിക്കുവാൻ പാടുള്ളതല്ല;

(ii) ക്രഷർ കോമ്പൗണ്ടിനുള്ളിൽ റോഡുകൾ ടാർ ചെയ്തോ കോൺക്രീറ്റ് ചെയ്തോ സൂക്ഷിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ക്രഷർ കോമ്പൗണ്ടിനുള്ളിൽ ഹരിതവലയം സൃഷ്ടിക്കാൻ ആവശ്യമായ വൃക്ഷങ്ങൾ നട്ടുവളർത്തേണ്ടതാണ്;

(iv) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്നപക്ഷം ക്രഷർ, അത് പ്രവർത്തിക്കുന്നതിന് വേണ്ടി സജ്ജമാക്കിയ കെട്ടിടത്തിനുള്ളിൽ പ്രവർത്തിപ്പിക്കേണ്ടതാണ്;

(v) അന്തരീക്ഷത്തിലെ പൊടി വലിച്ചെടുക്കുവാനും അത് വെള്ളം തളിച്ചമർത്തുവാനും ഇടക്കിടെ കോമ്പൗണ്ട് നനയ്ക്കുവാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്;

(vi) ക്രഷറിൽ നിന്നും അന്തരീക്ഷത്തിൽ വ്യാപിക്കുന്ന പൊടിയുടെ അളവും ക്രഷറിൽ നിന്ന് ഉണ്ടാകുന്ന ശബ്ദത്തിന്റെ അളവും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള പരിധിയിലധികമാകുവാൻ പാടുള്ളതല്ല.

(6) ഒരു ക്രഷറിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ പ്രവർത്തനാനുമതി എപ്പോൾ മുതൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് റദ്ദാക്കുന്നുവോ അപ്പോൾ മുതൽ അതിന് സെക്രട്ടറി നൽകിയിട്ടുള്ള ലൈസൻസ്, അതിന്റെ കാലാവധി അവസാനിച്ചിട്ടില്ലെങ്കിൽ പോലും, റദ്ദാക്കപ്പെട്ടതായി കരുതപ്പെടുന്നതാണ്.

17. <u>ഉത്തരവുകൾ പാസ്സാക്കുവാനോ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശങ്ങൾ നൽകുവാനോ സർക്കാരിനുള്ള അധികാരം</u>.-സർക്കാരിന്, ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിൽ ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷമോ, 5-ാം ചട്ടമോ 10-ാം ചട്ടമോ 11-ാം ചട്ടം (7)-ാം ഉപചട്ടമോ 15-ാം ചട്ടമോ 16-ാം ചട്ടമോ പ്രകാരം എടുത്തതോ എടുക്കാൻ വിട്ടുപോയതോ ആയ ഏതൊരു നടപടി സംബന്ധിച്ചും തങ്ങൾക്ക് യുക്തമെന്നു തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

18. <u>സെക്രട്ടറിക്ക് ഏത് സംരംഭത്തിലും പ്രവേശിക്കാവുന്നതാണെന്ന്</u>.-(1) സെക്രട്ടറിക്കോ അല്ലെങ്കിൽ ഈ ആവശ്യാർത്ഥം സെക്രട്ടറി അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾക്കോ പരിശോധനക്കായി, ഏതൊരു സംരംഭത്തിലും,-

(i) സൂര്യോദയത്തിനും, സൂര്യാസ്തമനത്തിനും ഇടയ്ക്ക് ഏതെങ്കിലും സമയത്തോ;

(ii) ഏതെങ്കിലും സംരംഭങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും സമയത്തോ;

(iii) 10-ാം ചട്ടമോ 15-ാം ചട്ടമോ 16-ാം ചട്ടമോ പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നുണ്ടെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, പകലോ രാത്രിയോ ഏതെങ്കിലും സമയത്തോ;

പ്രവേശിക്കാവുന്നതാകുന്നു.

(2) ഈ ചട്ടപ്രകാരം അധികാരങ്ങൾ വിനിയോഗിക്കുകയോ അല്ലെങ്കിൽ ഈ ചട്ടപ്രകാരം അകത്ത് പ്രവേശിക്കുന്നതിനാവശ്യമുള്ള വല്ല ബലവും പ്രയോഗിക്കുകയോ ചെയ്യുന്നതുകൊണ്ട് ആവശ്യമായും ഉണ്ടായിത്തീരുന്ന ഏതൊരു നഷ്ടത്തിനോ അസൗകര്യത്തിനോ യാതൊരു അവകാശവാദവും ഏതൊരാൾക്കുമെതിരായി ബോധിപ്പിക്കുവാൻ പാടുള്ളതല്ല.

(3) (1)-ാം ഉപചട്ടത്തിലോ (2)-ാം ഉപചട്ടത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഗ്രാമപഞ്ചായത്തിന്റെയോ സെക്രട്ടറിയുടെയോ ചുമതലയിൽ ഉൾപ്പെടാത്ത വിഷയങ്ങളിന്മേൽ സെക്രട്ടറി അന്വേഷണമോ പരിശോധനകളോ നടത്തുവാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്തതുമായി ബന്ധപ്പെട്ട പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക്/ഏജൻസികൾക്ക് അയച്ചുകൊടുക്കേണ്ടതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

(4) സംരംഭങ്ങളിൽ അനാവശ്യമായ പരിശോധനകൾ ഒഴിവാക്കേണ്ടതും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടത്തുന്ന പരിശോധനകൾ കൃത്യമായി നിർവ്വചിക്കപ്പെട്ടതും വസ്തുനിഷ്ഠവുമായിരിക്കേണ്ടതുമാണ്. പരിശോധനയുടെ ഭാഗമായി സംരംഭത്തിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതും പരിശോധനാ ഉദ്യോഗസ്ഥർ സംരംഭകരോടുള്ള മാന്യമായ പെരുമാറ്റവും സംരംഭകരോടുള്ള സഹകരണവും ഉറപ്പാക്കേണ്ടതുമാണ്.

19. <u>അനുമതി ലൈസൻസ് രജിസ്ട്രേഷൻ എന്നിവ റദ്ദാക്കൽ</u>.-(1) നിലവിലുള്ള അനുമതിയിലെ/ലൈസൻസിലെ/രജിസ്ട്രേഷനിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുവെന്ന് സെക്രട്ടറിക്ക് ബോധ്യം വരികയാണെങ്കിലോ അല്ലെങ്കിൽ സംരംഭകന്റെ മേൽ ഒരു ക്ഷമതയുള്ള കോടതി 1955-ലെ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്റ്റ് (1955-ലെ 22-ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം കുറ്റം സ്ഥാപിക്കുകയും ആ കുറ്റം ചെയ്തിട്ടുള്ളത് അനുമതിയെ/ലൈസൻസിനെ/രജിസ്ട്രേഷനെ സംബന്ധിക്കുന്ന ഏതെങ്കിലും കാര്യം പ്രമാണിച്ചായിരിക്കുകയും ചെയ്യുകയാണെങ്കിലോ, അല്ലെങ്കിൽ 2003-ലെ സിഗരറ്റുകളും മറ്റ് പുകയില ഉല്പന്നങ്ങളും (പരസ്യം നിരോധിക്കലും വ്യാപാര-വാണിജ്യത്തിന്റെയും ഉത്പാദനത്തിന്റെയും സപ്ലൈയുടെയും വിതരണത്തിന്റെയും ക്രമപ്പെടുത്തലും) ആക്റ്റിന്റെ (2003-ലെ 34-ാം നമ്പർ ആക്റ്റ്) 6-ാം വകുപ്പിന്റെ ലംഘനത്തിന് ശിക്ഷിക്കപ്പെടുകയും ചെയ്യുകയാണെങ്കിലോ അല്ലെങ്കിൽ 1985-ലെ നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് (1985-ലെ 61-ാം നമ്പർ കേന്ദ്ര ആക്റ്റ്) പ്രകാരം നർക്കോട്ടിക് ഡ്രഗ്സോ സൈക്കോട്രോപിക് സബ്സ്റ്റൻസുകളോ ഉല്പാദനം നടത്തിയതിനോ കൈവശം വച്ചതിനോ വിപണനം നടത്തിയതിനോ ശിക്ഷിക്കപ്പെടുകയും ചെയ്യുകയാണെങ്കിലോ സംരംഭത്തിന് നൽകിയിട്ടുള്ള അനുമതി/ലൈസൻസ്/രജിസ്ട്രേഷൻ സെക്രട്ടറി റദ്ദ് ചെയ്യേണ്ടതാണ്:

എന്നാൽ, ഈ ചട്ടപ്രകാരമുള്ള യാതൊരു നടപടിയും ബന്ധപ്പെട്ട സംരംഭത്തിന്റെ ഉടമയ്ക്ക് നോട്ടീസ് നൽകാതെയും അയാൾക്ക് പറയാനുള്ളത് പറയാൻ ന്യായമായ അവസരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നൽകാതെയും, സ്വീകരിക്കുവാൻ പാടുള്ളതല്ല.

(2) 233-ാം വകുപ്പ് പ്രകാരം ഒരു സ്ഥലത്ത്/കെട്ടിടത്തിൽ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ച സംരംഭം മറ്റൊരു സ്ഥലത്തേക്ക്/കെട്ടിടത്തിലേക്ക് മാറ്റുന്ന സംഗതിയിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതി റദ്ദാകുന്നതും സംരംഭം പുതിയ സ്ഥലത്ത്/മറ്റൊരു കെട്ടിടത്തിൽ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പുതിയതായി അനുമതി വാങ്ങേണ്ടതുമാണ്.

(3) 5-ാം ചട്ടമോ 12-ാം ചട്ടമോ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ള ഒരു സംരംഭം മറ്റൊരു സ്ഥലത്തേക്ക്/കെട്ടിത്തിലേക്ക് മാറ്റുന്ന സംഗതിയിൽ ആ ലൈസൻസ് റദ്ദാകുന്നതും പുതിയ സ്ഥലത്തേക്ക്/കെട്ടിടത്തിലേക്ക് പുതിയ ലൈസൻസ് എടുക്കേണ്ടതുമാണ്.

(4) 11-ാം ചട്ടം (14)-ാം ഉപചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സംരംഭം മറ്റൊരു സ്ഥലത്തേക്ക്/കെട്ടിടത്തിലേക്ക് മാറ്റുന്ന സംഗതിയിൽ രജിസ്ട്രേഷൻ റദ്ദാകുന്നതും സംരംഭം പുതിയ സ്ഥലത്ത്/കെട്ടിടത്തിൽ പുതിയതായി രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

20. <u>സംരംഭങ്ങൾ കൈമാറൽ</u>.-ഒരു സംരംഭത്തിന്, ഒരാളുടെ പേരിൽ എടുത്തിട്ടുള്ള നിലവിലുള്ള അനുമതി/ലൈസൻസ്/രജിസ്ട്രേഷൻ ആ സംരംഭം അപേക്ഷകന്റെ പേരിലേക്ക് മാറ്റിക്കിട്ടിയതായി തെളിയിക്കുന്ന മതിയായ രേഖ, സ്ഥലത്തിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ കൈവശം തെളിയിക്കുന്ന രേഖ എന്നിവ സഹിതം അപേക്ഷിക്കുന്ന മുറയ്ക്ക് അനുമതി/ലൈസൻസ്/രജിസ്ട്രേഷൻ ഫീസിന്റെ 50 ശതമാനമോ 1000 രൂപയോ ഏതാണോ കുറവ് ആ തുക ഫീസായി ഈടാക്കിക്കൊണ്ട് അപേക്ഷകന്റെ പേരിലേക്ക്, അനുമതി/ലൈസൻസ്/രജിസ്ട്രേഷൻ ഫീസ് ഈടാക്കാതെ തന്നെ, സെക്രട്ടറിക്ക് മാറ്റി നൽകാവുന്നതാണ്.

21. <u>അപേക്ഷകൾ നൽകേണ്ട രീതി</u>.- ഈ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിക്കോ ലൈസൻസിനോ രജിസ്ട്രേഷനോ അല്ലെങ്കിൽ ലൈസൻസോ രജിസ്ട്രേഷനോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുതുക്കുന്നതിനോ ഉള്ള അപേക്ഷയോ സ്വയം സാക്ഷ്യപത്രമോ അതിനായി ഏർപ്പെടുത്തിയിട്ടുള്ള ഇലക്ട്രോണിക് സംവിധാനത്തിലൂടെയോ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ടോ നൽകാവുന്നതാണ്.

22. രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച്.-(1) 5-ാം ചട്ട പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ്, 11-ാം ചട്ടവും 16-ാം ചട്ടവും പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന അനുമതികൾ, 11-ാം ചട്ട പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന സംരംഭങ്ങൾ, എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാക്രമം ഫാറം 8-ലും ഫാറം 9-ലും ഫാറം 10-ലും ഉള്ള രജിസ്റ്ററുകളിൽ ഇലക്ട്രോണിക് രൂപത്തിലോ അല്ലാതെയോ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(2) ഫാറം 8-ലും ഫാറം 10-ലും ഉള്ള രേഖപ്പെടുത്തലുകളുടെ സംഗ്രഹം അതത് സംഗതിപോലെ ഫാറം 11-ലോ ഫാറം 12-ലോ ഫാറം 13-ലോ ഫാറം 14-ലോ ഉള്ള രജിസ്റ്ററുകളിൽ ഇലക്ട്രോണിക് രൂപത്തിലോ അല്ലാതെയോ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

23. ലൈസൻസി അനുസരിക്കേണ്ട നിർദ്ദേശങ്ങൾ.-ഏതൊരു ലൈസൻസിയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്, അതായത്,-

(i) മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട വകുപ്പ് 219 വി-യിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്;

(ii) മാലിന്യം ഉറവിടത്തിൽ വേർതിരിക്കൽ, മാലിന്യത്തിന്റെ പുനരുപയോഗം, മാലിന്യ സംസ്കരണം എന്നിവക്കായി ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന മാലിന്യ പരിപാലന സംവിധാനങ്ങൾ സംരംഭകർ സ്വന്തം ചെലവിൽ സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരുക്കേണ്ടതാണ്. കൂടാതെ ഖര മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന വാതിൽപ്പടി സേവനങ്ങൾക്ക് സംരംഭകർ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന യൂസർ ഫീസ് നൽകേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ലൈസൻസി, സംരംഭവും പരിസരവും എല്ലായിപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്;

(iv) സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയോ പുരയിടത്തിന്റെയോ ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ ലൈസൻസി നീക്കം ചെയ്യിക്കേണ്ടതാണ്;

(v) ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ എല്ലാ ഭാഗവും മേൽപറഞ്ഞ പുരയിടത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചു വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ ചപ്പുചവറോ, അസഹ്യമോ, ഉപദ്രവകരമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായും കേടുപാട് തീർത്തും വയ്പിക്കേണ്ടതാണ്;

(vi) ലൈസൻസി, സംരംഭം സ്ഥിതി ചെയ്യുന്ന പുരയിടത്തിലോ, അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും അഴുക്കു ജലം സംസ്കരിക്കുന്നതിനുള്ള സംവിധാനവും എപ്പോഴും നന്നായും കേടുപാടു തീർത്തും വയ്പ്പിക്കേണ്ടതാണ്;

(vii) കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന ഏതൊരു പരിസരത്തും ഏതെങ്കിലും തരത്തിലുള്ള വ്രണമോ പകർച്ചവ്യാധിയോ ഉള്ള യാതൊരാളും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു;

(viii) ഏത് പുരയിടത്തിന്റെ/കെട്ടിടത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ പുരയിടത്തിന്റെ/കെട്ടിടത്തിന്റെ എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് ലൈസൻസ് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(ix) ലൈസൻസ് നേടുന്ന സംരംഭത്തിന്റെ പ്രവർത്തനത്തിനായി സംരംഭത്തെ സംബന്ധിച്ചോ സംരംഭത്തിന്റെ ജീവനക്കാരെ സംബന്ധിച്ചോ സർക്കാരിൽ നിന്നോ സർക്കാർ ചുമതലപ്പെടുത്തുന്ന സ്ഥാപനങ്ങളിൽ നിന്നോ അധികാരികളിൽ നിന്നോ ഏതെങ്കിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തരത്തിലുള്ള സാക്ഷ്യപത്രങ്ങളോ ക്ലിയറൻസുകളോ നേടേണ്ടതുണ്ടെങ്കിൽ ആയത് ലൈസൻസി, സംരംഭം പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് അല്ലെങ്കിൽ ബാധകമാകുന്ന സമയത്ത് എതാണോ ആദ്യം അതത് പോലെ നേടിയിരിക്കേണ്ടതാണ്.

(x) മേൽ (i) മുതൽ (ix) വരെയുള്ള ഇനങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്നവ കൂടാതെ ഫാറം 2/ഫാറം 7-ലെ ലൈസൻസി അനുസരിക്കേണ്ട നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകളും ലൈസൻസി പാലിക്കേണ്ടതാണ്.

കുറിപ്പ്: ഈ ചട്ടത്തിന്റെ ആവശ്യത്തിലേക്കായി ലൈസൻസി എന്നതിൽ 11-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ ഉടമസ്ഥരും ഉൾപ്പെടുന്നതാണ്.

24. ലൈസൻസോ രജിസ്ട്രേഷനോ നിരസിക്കുന്ന സാഹചര്യത്തിൽ ഫീസ് തിരികെ നൽകണമെന്ന്.-ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസിനു വേണ്ടിയോ രജിസ്ട്രേഷനു വേണ്ടിയോ ഒടുക്കിയിട്ടുള്ള ഫീസുകൾ ലൈസൻസോ രജിസ്ട്രേഷനോ നിരസിക്കുന്ന സാഹചര്യത്തിൽ തിരികെ ലഭിക്കുന്നതിന് അപേക്ഷകന് അവകാശമുണ്ടായിരിക്കുന്നതാണ്.

25. ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ.-ഈ ചട്ടങ്ങളുടെ ലംഘനത്തിന് 255-ാം വകുപ്പുപ്രകാരം പിഴ ശിക്ഷ നൽകേണ്ടതാണ്.

ഒന്നാം പട്ടിക

(4, 6, 7, 12, 13 എന്നീ ചട്ടങ്ങൾ കാണുക)

| ക്രമ നമ്പർ | വിഭാഗം | ഒരു വർഷത്തേക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് |
|---|---|---|
| 1 | ഒരു ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ | 100 രൂപ |
| 2 | മൂലധന നിക്ഷേപം ഒരു ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 200 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 3 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 15 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 300 രൂപ |
| 4 | മൂലധന നിക്ഷേപം 15 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 5 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1,000 രൂപ |
| 6 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5,000 രൂപ |
| 7 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10,000 രൂപ |
| 8 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 15,000 രൂപ |

കുറിപ്പ്:- ഓരോ വിഭാഗത്തിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് ഈ പട്ടികയിൽ പറഞ്ഞിട്ടുള്ള പരമാവധി നിരക്കുകളിൽ കൂടാതെയും, എന്നാൽ തൊട്ടുതാഴെയുള്ള വിഭാഗത്തിന് ബാധകമായ പരമാവധി നിരക്കിൽ കുറയാതെയും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്.

രണ്ടാം പട്ടിക

(ചട്ടം 11 കാണുക)

| ക്രമ നമ്പർ | വിഭാഗം | പെർമിഷൻ ഫീസ് |
|---|---|---|
| 1 | 25 ലക്ഷം രൂപയിൽ കവിയാത്ത മൂലധന | 1000 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| | നിക്ഷേപമുള്ള സംരംഭങ്ങൾ | |
| 2 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 2,000 രൂപ |
| 3 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10,000 രൂപ |
| 4 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 20,000 രൂപ |
| 5 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 30,000 രൂപ |

## മൂന്നാം പട്ടിക

(11, 13 എന്നീ ചട്ടങ്ങൾ കാണുക)

| ക്രമ നമ്പർ | വിഭാഗം | ഒരു വർഷത്തേക്ക് ചുമത്താവുന്ന പരമാവധി രജിസ്ട്രേഷൻ ഫീസ് |
|---|---|---|
| 1 | ഒരു ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ള സംരംഭങ്ങൾ | 100 രൂപ |
| 2 | മൂലധന നിക്ഷേപം ഒരു ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 200 രൂപ |
| 3 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 15 ലക്ഷം രൂപയിൽ | 300 രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| | കവിയാത്തതുമായ സംരംഭങ്ങൾ | |
| 4 | മൂലധന നിക്ഷേപം 15 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 5 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1,000 രൂപ |
| 6 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5,000 രൂപ |
| 7 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10,000 രൂപ |
| 8 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 15,000 രൂപ |

കുറിപ്പ്:- ഓരോ വിഭാഗത്തിൽ നിന്നും ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസ് ഈ പട്ടികയിൽ പറഞ്ഞിട്ടുള്ള പരമാവധി നിരക്കുകളിൽ കൂടാതെയും, എന്നാൽ തൊട്ടുതാഴെയുള്ള വിഭാഗത്തിന് ബാധകമായ പരമാവധി നിരക്കിൽ കുറയാതെയും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം - 1

[4, 12, 16 എന്നീ ചട്ടങ്ങൾ കാണുക]

ലൈസൻസിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര് | : | |
| 2 | സംരംഭകന്റെ പേര് മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| 3 | സംരംഭകന്റെ മേൽവിലാസം | : | |
| 4 | മൊബൈൽ നമ്പർ<br>ഇ-മെയിൽ വിലാസം (ഉണ്ടെങ്കിൽ മാത്രം) | :<br>: | |
| 5 | ആധാർ നമ്പർ<br>PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | :<br>:<br>: | |
| 6 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വാർഡ് നമ്പർ, സ്ഥലം | :<br>: | |
| 7 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നമ്പർ/സ്റ്റാൾ നമ്പർ/ബങ്ക് നമ്പർ | : | |
| 8 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വില്ലേജിന്റെ പേര് | : | |
| 9 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന പുരയിടത്തിന്റെ സർവ്വേ നമ്പർ | : | |
| 10 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പോസ്റ്റ് ഓഫീസ്, പിൻ കോഡ് | :<br>: | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 11 | ലൈസൻസ് ആവശ്യമുള്ള സേവനങ്ങൾ/വ്യാപാരങ്ങൾ/വാണിജ്യ പ്രവർത്തനങ്ങൾ/വ്യവസായങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ (ഉദാ: സ്റ്റേഷണറി വ്യാപാരം, പെട്രോൾ പമ്പ്, ജ്വലറി, കയർ ഫാക്ടറി, ഇലക്ട്രിക്കൽ വർക്ക് ഷോപ്പ്, സ്റ്റോൺ ക്രഷർ എന്നിങ്ങനെ) | : | (1)<br>(2)<br>(3)<br>--<br>-- |
| 12 (എ) | മൊബൈൽ സെയിൻസ് സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്കാണ് ലൈസൻസ് എങ്കിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | : | |
| (ബി) | പ്രവർത്തന മേഖല ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ വരുന്നുവെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ പേര് | | 1.<br>2.<br>3. |
| (സി) | പ്രവർത്തനം നിയന്ത്രിക്കുന്നതിനായി പ്രവർത്തന മേഖലയ്ക്കുള്ളിൽ ഒരു ഓഫീസ് നിലവിലുണ്ടെങ്കിൽ ആ ഓഫീസിന്റെ പേരും കെട്ടിട നമ്പരും മേൽവിലാസവും ഗ്രാമപഞ്ചായത്തിന്റെ പേരും | : | |
| (ഡി) | പ്രവർത്തനം നിയന്ത്രിക്കുന്നതിനായി പ്രവർത്തന മേഖലയ്ക്കുള്ളിൽ ഒരു | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | ഓഫീസ് നിലവിലില്ലാത്ത സാഹചര്യത്തിൽ കൂടുതൽ പ്രവർത്തന മേഖല വരുന്ന ഗ്രാമപഞ്ചായത്തിന്റെ പേര് | : | |
| 13 | സംരംഭത്തിന്റെ മേഖല | : | ഉല്പാദനം /സംഭരണം/വിപണനം/സേവനം |
| 14 | ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം | : | |
| 15 | മൂലധന നിക്ഷേപം | : | ----------------- രൂപ |
| 16 | യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ - ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച അനുമതിയുടെവിവരം സഹിതം (ചട്ടം 11 ഉപചട്ടം 14-ലെ സംരംഭങ്ങൾ ഒഴികെയുള്ളവയ്ക്ക് അനുമതി ആവശ്യമാണ്) | : | |
| 17 | ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പേര് (പേര് നൽകിയിട്ടുണ്ടെങ്കിൽ) | : | |
| 18 | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലാണോ? | : | അതെ/അല്ല |
| 19 | ഭൂമി/കെട്ടിടം അപേക്ഷകന്റെ ഉടമസ്ഥതയിലല്ലെങ്കിൽ ഉടമയുടെ പേരും വിലാസവും (ലീസ് | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/മുദ്രപത്രത്തിൽ ഉള്ള ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | | |
| 20 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരമുള്ള കാറ്റഗറിയിൽ ഉൾപ്പെടുന്നതാണെങ്കിൽ സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 21 | ലൈസൻസ് എന്നു മുതൽ എത്രകാലത്തേക്ക് വേണമെന്ന് (പരമാവധി 5 വർഷം വരെ) | : | |
| 22 | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | ഒടുക്കിയ തുക:<br>രസീത് നമ്പർ:<br>തീയതി: |

സ്ഥലം:

തീയതി: അപേക്ഷകന്റെ ഒപ്പ്:

(ആഫീസ് ആവശ്യത്തിന്)

അപേക്ഷ നമ്പരും തീയതിയും: ………………../……………………

അന്വേഷണ റിപ്പോർട്ട്:

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ

പേരും ഒപ്പും തീയതിയും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലൈസൻസ് അനുവദിച്ചു/നിരസിച്ചു (നിരസിക്കുകയാണെങ്കിൽ കാരണം രേഖപ്പെടുത്തുക)

സെക്രട്ടറിയുടെ ഒപ്പും തീയതിയും പേരും

ലൈസൻസിന്റെ നമ്പരും തീയതിയും :

ലൈസൻസ് ഫീസ് അടച്ചതിന്റെ രസീത് നമ്പരും :

തീയതിയും തുകയും :

സെക്രട്ടറിയുടെ ഒപ്പ് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 2

[5, 12, 16, 23 എന്നീ ചട്ടങ്ങൾ കാണുക]

........................................................ ഗ്രാമപഞ്ചായത്ത്

ലൈസൻസ്

| | | | |
|---|---|---|---|
| 1 | ലൈസൻസിയുടെ പേര്<br>മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| 2 | ലൈസൻസിയുടെ മേൽ വിലാസം | : | |
| 3 | PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| 4 | ലൈസൻസ് നമ്പർ | : | |
| 5 | ലൈസൻസിന്റെ കാലാവധി | : | |
| 6 | സംരംഭത്തിന്റെ വിശദാംശങ്ങൾ<br>1. സംരംഭത്തിന്റെ പേര്<br>2. വാർഡ് നമ്പർ<br>3. കെട്ടിട നമ്പർ<br>4. വില്ലേജിന്റെ പേര്<br>5. സർവ്വെ നമ്പർ<br>6. പോസ്റ്റോഫീസ് | : | |
| 7 | ലൈസൻസ് മൊബൈൽ സെയിൽസ്/സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്കാണെങ്കിൽ അതിന്റെ രജിസ്ട്രേഷൻ നമ്പരും പ്രവർത്തന മേഖലയുള്ള ഗ്രാമപഞ്ചായത്തുകളും | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 8 | ലൈസൻസ് അനുവദിക്കുന്ന സേവനങ്ങൾ/വ്യാപാരങ്ങൾ/വാണിജ്യ പ്രവർത്തനങ്ങൾ/വ്യവസായങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ | : | (1)<br>(2)<br>(3) |
| 9 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരമുള്ള കാറ്റഗറിയിൽ ഉൾപ്പെടുന്നതാണെങ്കിൽ സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 10 | ലൈസൻസ് ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ :<br>തീയതി : |
| 11 | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെയും ഈ ലൈസൻസിന്റെ ചുവടെ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും പുറമേ ലൈസൻസി പാലിക്കേണ്ട മറ്റ് വ്യവസ്ഥകൾ (ആവശ്യമെങ്കിൽ ചേർക്കുക) | : | |

സ്ഥലം:

തീയതി:

സെക്രട്ടറിയുടെ ഒപ്പ്:

സെക്രട്ടറിയുടെ പേര്:

(ആഫീസ് മുദ്ര)

(മറുപുറം)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലൈസൻസി താഴെപ്പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു,–

(എ) 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും (1994–ലെ 13) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ബൈലോകളിലെയും വ്യവസ്ഥകൾ അനുസരിച്ച് സംരംഭങ്ങൾ നടത്തേണ്ടതാണ്;

(ബി) സംരംഭവും അതിനുള്ളിലുള്ള സാധനസാമഗ്രികളും സെക്രട്ടറിക്കോ സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് ലൈസൻസി ആവശ്യമായ സൗകര്യങ്ങൾ നൽകേണ്ടതാണ്;

(സി) ഏത് സ്ഥലത്തിന്റെ/കെട്ടിടത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത്/കെട്ടിടത്തിൽ എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് നൽകിയിട്ടുള്ള ലൈസൻസ് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്;

(ഡി) ഗ്രാമപഞ്ചായത്തിൽ നിന്നും അനുവാദം സിദ്ധിച്ച് ശേഷമല്ലാതെ സംരംഭ സ്ഥലം മാറ്റാൻ പാടില്ലാത്തതും സംരംഭം നിർത്തുന്നപക്ഷം വിവരം മുൻകൂട്ടി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു;

(ഇ) ലൈസൻസി സംരംഭവും പരിസരവും എല്ലായ്പ്പോഴും വൃത്തിയായും സാംക്രമിക രോഗാണുക്കൾ ഉണ്ടാകാത്തവിധത്തിലും സൂക്ഷിക്കേണ്ടതും ഭക്ഷണപദാർത്ഥങ്ങൾ ഈച്ച, രോഗാണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്തവിധത്തിലും സൂക്ഷിക്കേണ്ടതുമാണ്;

(എഫ്) ഏതൊരു പ്രവൃത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്;

(ജി) സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയോ പുരയിടത്തിന്റെയോ ഏതെങ്കിലും ഭാഗത്തു വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ ലൈസൻസി നീക്കം ചെയ്യിക്കേണ്ടതാണ്;

(എച്ച്) ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ എല്ലാ ഭാഗവും മേൽപ്പറഞ്ഞ പുരയിടത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചു വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ, അസഹ്യമോ, ഉപദ്രവകരമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായും കേടുപാട് തീർത്തും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വയ്പ്പിക്കേണ്ടതാണ്;

(ഐ) ലൈസൻസി, സംരംഭം സ്ഥിതി ചെയ്യുന്ന പുരയിടത്തിലോ, അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും അഴുക്കു ജലം സംസ്കരിക്കുന്നതിനുള്ള സംവിധാനവും എപ്പോഴും നന്നായും കേടുപാടു തീർത്തും വയ്പ്പിക്കേണ്ടതാണ്;

(ജെ) സംരംഭത്തിൽ നിന്നോ സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നോ ഉള്ള മലിന ജലം പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം അല്ലെങ്കിൽ ജലമാർഗ്ഗം എന്നിവിടങ്ങളിലേയ്ക്ക് ഒഴുക്കി വിടാൻ പാടില്ല;

(കെ) അയിത്തം ആചരിക്കുന്ന സംരംഭങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതാണ്;

(എൽ) സംരംഭം നടത്തുന്നതിന് ഉപയോഗിക്കുന്ന ഏതൊരു പരിസരത്തും ഏതെങ്കിലും തരത്തിലുള്ള വ്രണമുള്ള യാതൊരാളും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു;

(എം) ആരോഗ്യത്തിന് ഹാനികരമായതും ഉപയോഗ യോഗ്യമല്ലാത്തതും പഴകിയതും ആയ ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല;

(എൻ) ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതാണ്;

(ഒ) നിരോധിത പ്ലാസ്റ്റിക് ഇനങ്ങൾ ഉല്പ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ പാടില്ല;

(പി) സ്ഥാപനത്തിന് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്;

(ക്യൂ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും (1994-ലെ 13) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുശാസിക്കുന്ന സാനിറ്റേഷൻ സൗകര്യങ്ങൾ എല്ലാ സംരംഭങ്ങളിലും ഉണ്ടായിരിക്കേണ്ടതും അവ എല്ലായിപ്പോഴും വൃത്തിയായി പരിപാലിക്കേണ്ടതുമാണ്. സംരംഭത്തിൽ എത്തുന്ന എല്ലാപേർക്കും അവ പ്രാപ്യമായിരിക്കേണ്ടതുമാണ്;

(ആർ) നിരോധിത ഉൽപ്പന്നങ്ങളായ പാൻമസാല, ഗുഡ്ക തുടങ്ങിയവ സംഭരിച്ചുവെക്കുവാനോ വിൽക്കുവാനോ പാടില്ല;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എസ്) ബാലവേല അനുവദിക്കുവാൻ പാടില്ല;

(റ്റി) മാലിന്യം ഉറവിടത്തിൽ വേർതിരിക്കൽ, മാലിന്യത്തിന്റെ പുനരുപയോഗം, മാലിന്യസംസ്കരണം എന്നിവക്കായി ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന മാലിന്യപരിപാലന സംവിധാനങ്ങൾ സംരംഭകർ സ്വന്തം ചെലവിൽ സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരുക്കേണ്ടതാണ്;

(യു) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതും അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന ഏജൻസിക്ക് കൈമാറേണ്ടതുമാണ്. ഇത്തരത്തിൽ മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന വാതിൽപ്പടി സേവനങ്ങൾക്ക് സംരംഭകർ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന യൂസർ ഫീസ് ഏജൻസിക്ക് നൽകേണ്ടതുമാണ്;

(വി) കേന്ദ്ര സംസ്ഥാന സർക്കാരുകളും ഗ്രാമപഞ്ചായത്തും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന നിബന്ധനകൾ ലൈസൻസി പാലിക്കേണ്ടതാണ്;

(ഡബ്ല്യു) റസ്റ്റാറന്റുകൾ, ഭക്ഷണശാലകൾ, ഹോട്ടലുകൾ, കാപ്പിക്കടകൾ, ചായക്കടകൾ, ബാർബർ ഷോപ്പുകൾ, ബ്യൂട്ടീ പാർലറുകൾ തുടങ്ങിയവയിൽ പൊതുജനങ്ങളിൽപ്പെട്ട ഏതൊരംഗത്തിനും അവിടെ പ്രവേശനം ലഭ്യമായിരിക്കുന്നതാണ്.

(എക്സ്) മേൽ പറഞ്ഞ വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് കാരണമാകാവുന്നതാണ്.

(വൈ) മറ്റ് വകുപ്പുകൾ/ഏജൻസികളിൽ നിന്നും സിദ്ധിക്കേണ്ട പെർമിഷൻ, ലൈസൻസ്, മറ്റ് ക്ലിയറൻസുകൾ എന്നിവ അതത് സമയങ്ങളിൽ സിദ്ധിക്കേണ്ടതും കാലാവധി കഴിയുന്നതിന് മുമ്പായി അവ പുതുക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഈ ലൈസൻസ് സ്വമേധയാ റദ്ദാക്കുന്നതുമാണ്.

(ഒപ്പ്)

സെക്രട്ടറി

..................... ഗ്രാമപഞ്ചായത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 3 (എ)

[ചട്ടം 13 കാണുക]

സ്വയം സാക്ഷ്യപത്രം

(കാറ്റഗറി രണ്ട് സംരംഭങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന്)

………………………… ഗ്രാമപഞ്ചായത്തിലെ ………… വാർഡിലെ …………… നമ്പർ കെട്ടിടത്തിൽ ……………………. സർവ്വേ നമ്പരിൽ എന്റെ/ഞങ്ങളുടെ ഉടമസ്ഥതയിൽ/നിയന്ത്രണത്തിൽ ……………… വർഷം മുതൽ പ്രവർത്തിച്ചു വരുന്ന ………………. (സംരംഭത്തിന്റെ പേരും മേൽവിലാസവും) എന്ന സംരംഭത്തിന് 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ………………. നമ്പരായി അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ കാലാവധി ……………… തീയതിയിൽ അവസാനിക്കുകയാണ്/അവസാനിച്ചു. സംരംഭത്തിന്റെ നിലവിലുള്ള മൂലധന നിക്ഷേപത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല/സംരംഭത്തിന്റെ മൂലധന നിക്ഷേപം നിലവിൽ…………………………… തീയതി മുതൽ ……………………. രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്/സംരംഭത്തിന്റെ മൂലധന നിക്ഷേപം ……………… തീയതി മുതൽ ………………….. രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ സംരംഭത്തിന്റെ ലൈസൻസ് ………………… തീയതി വരെ പുതുക്കുന്നതിലേയ്ക്കായി ലൈസൻസിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത സംരംഭം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് സ്ഥാപനങ്ങളുടെ/ഏജൻസികളുടെ എല്ലാ അനുമതികളും/ലൈസൻസുകളും നിലവിലുണ്ടെന്നും തുടർന്ന് അവയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവ യഥാസമയം പുതുക്കുന്നതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സ്വയംസാക്ഷ്യപത്രത്തിൽ ഞാൻ/ഞങ്ങൾ ഉറപ്പ് നൽകിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദാക്കപ്പെടുമെന്നും ഒരു ലക്ഷം രൂപയിൽ കവിയാത്ത പിഴ ചുമത്തപ്പെടുമെന്നും ഞങ്ങൾക്ക്/എനിക്ക് ബോധ്യമുള്ളതാണ്.

തീയതി:

സ്ഥലം:

സംരംഭകന്റെ/സംരംഭകരുടെ

ഒപ്പും പേരും മേൽവിലാസവും:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 3 (ബി)

[ചട്ടം 13 കാണുക]

## സ്വയം സാക്ഷ്യപത്രം

(കാറ്റഗറി ഒന്ന് സംരംഭങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന്)

............................. ഗ്രാമപഞ്ചായത്തിലെ ............ വാർഡിലെ .............. നമ്പർ കെട്ടിടത്തിൽ ........................ സർവ്വേ നമ്പരിൽ എന്റെ/ഞങ്ങളുടെ ഉടമസ്ഥതയിൽ/നിയന്ത്രണത്തിൽ ................ വർഷം മുതൽ പ്രവർത്തിച്ചു വരുന്ന .................. (സംരംഭത്തിന്റെ പേരും മേൽവിലാസവും) എന്ന സംരംഭത്തിന് 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം .................. നമ്പരായി അനുവദിച്ചിട്ടുള്ള ലൈസൻസിന്റെ കാലാവധി ................. തീയതിയിൽ അവസാനിക്കുകയാണ്/അവസാനിച്ചു. സംരംഭത്തിന്റെ നിലവിലുള്ള മൂലധന നിക്ഷേപത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല/സംരംഭത്തിന്റെ ശേഷി വർധിപ്പിക്കാതെ മൂലധന നിക്ഷേപം ......... തീയതി മുതൽ ..... രൂപയായി വർധിപ്പിച്ചിട്ടുണ്ട്/വർധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. / സംരംഭത്തിന്റെ ശേഷി വർധിപ്പിക്കുന്നതിന് ........ തീയതിയിൽ .......... നമ്പറായി ഗ്രാമ പഞ്ചായത്തിന്റെ അനുമതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ...... തീയതി മുതൽ മൂലധന നിക്ഷേപം ....... രൂപയായി വർധിപ്പിച്ചിട്ടുണ്ട്/വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ സംരംഭത്തിന്റെ ലൈസൻസ് .................... തീയതി വരെ പുതുക്കുന്നതിലേയ്ക്കായി ലൈസൻസിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത സംരംഭം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് സ്ഥാപനങ്ങളുടെ/ഏജൻസികളുടെ എല്ലാ അനുമതികളും/ലൈസൻസുകളും നിലവിലുണ്ടെന്നും തുടർന്ന് അവയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവ യഥാസമയം പുതുക്കുന്നതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സ്വയംസാക്ഷ്യപത്രത്തിൽ ഞാൻ/ഞങ്ങൾ ഉറപ്പ് നൽകിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദാക്കപ്പെടുമെന്നും ഒരു ലക്ഷം രൂപയിൽ കവിയാത്ത പിഴ ചുമത്തപ്പെടുമെന്നും എനിക്ക്/ഞങ്ങൾക്ക് ബോധ്യമുള്ളതാണ്.

തീയതി:

സ്ഥലം: സംരംഭകന്റെ/സംരംഭകരുടെ ഒപ്പം

പേരും മേൽവിലാസവും:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 3 (സി)

[ചട്ടം 13 കാണുക]

<u>സ്വയം സാക്ഷ്യപത്രം</u>

(രജിസ്ട്രേഷൻ പുതുക്കുന്നതിന്)

.............................. ഗ്രാമപഞ്ചായത്തിലെ ............. വാർഡിലെ ............... നമ്പർ കെട്ടിടത്തിൽ ......................... സർവ്വേ നമ്പരിൽ എന്റെ/ഞങ്ങളുടെ ഉടമസ്ഥതയിൽ/നിയന്ത്രണത്തിൽ .................. വർഷം മുതൽ പ്രവർത്തിച്ചു വരുന്ന ..................... (സംരംഭത്തിന്റെ പേരും മേൽവിലാസവും) എന്ന സംരംഭത്തിന് 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ..................... നമ്പരായി അനുവദിച്ചിട്ടുള്ള രജിസ്ട്രേഷന്റെ കാലാവധി ................... തീയതിയിൽ അവസാനിക്കുകയാണ്/അവസാനിച്ചു. സംരംഭത്തിന്റെ നിലവിലുള്ള മൂലധന നിക്ഷേപത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല/സംരംഭത്തിന്റെ മൂലധന നിക്ഷേപം നിലവിൽ.................................... തീയതി മുതൽ ......................... രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്/സംരംഭത്തിന്റെ മൂലധന നിക്ഷേപം ................... തീയതി മുതൽ ...................... രൂപയായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇത് നിലവിലുള്ളതും ചട്ടം 11 ഉപചട്ടം 14 പ്രകാരം രജിസ്ട്രേഷൻ മതിയാകുന്ന സംരംഭമാണ്. ഈ സംരംഭത്തിന്റെ രജിസ്ട്രേഷൻ .................... തീയതി വരെ പുതുക്കുന്നതിലേയ്ക്കായി രജിസ്ട്രേഷനിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രസ്തുത സംരംഭം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ മറ്റ് സ്ഥാപനങ്ങളുടെ/ഏജൻസികളുടെ എല്ലാ അനുമതികളും/ലൈസൻസുകളും നിലവിലുണ്ടെന്നും തുടർന്ന് അവയുടെ കാലാവധി തീരുന്ന മുറയ്ക്ക് അവ യഥാസമയം പുതുക്കുന്നതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സ്വയംസാക്ഷ്യപത്രത്തിൽ ഞാൻ/ഞങ്ങൾ ഉറപ്പ് നൽകിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ റദ്ദാക്കപ്പെടുമെന്നും ഒരു ലക്ഷം രൂപയിൽ കവിയാത്ത പിഴ ചുമത്തപ്പെടുമെന്നും എനിക്ക്/ഞങ്ങൾക്ക് ബോധ്യമുള്ളതാണ്.

തീയതി:

സ്ഥലം:

സംരംഭകന്റെ/സംരംഭകരുടെ ഒപ്പം

പേരും മേൽവിലാസവും:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം 4

[11, 16 എന്നീ ചട്ടങ്ങൾ കാണുക]

ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര് | : | |
| 2 | സംരംഭകന്റെ പേര് മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| 3 | സംരംഭകന്റെ മേൽവിലാസം | : | |
| 4 | മൊബൈൽ നമ്പർ<br>ഇ-മെയിൽ വിലാസം (ഉണ്ടെങ്കിൽ മാത്രം) | : | |
| 5 | ആധാർ നമ്പർ | : | |
| 6 | PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| 7 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വാർഡ് നമ്പർ, സ്ഥലം | : | |
| 8 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നമ്പർ/സ്റ്റാൾ നമ്പർ/ബങ്ക് നമ്പർ | : | |
| 9 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വില്ലേജിന്റെ പേര് | : | |
| 10 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന പുരയിടത്തിന്റെ സർവ്വേ നമ്പർ | : | |
| 11 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പോസ്റ്റ് ഓഫീസ്, പിൻ നമ്പർ | : | |
| 12 | സംരംഭത്തിൽ ഉപയോഗിക്കുന്ന പ്രധാന അസംസ്കൃത വസ്തുക്കൾ | : | |
| 13 | ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 14 | സംരംഭത്തിന്റെ മേഖല | : | ഉല്പാദനം/സംഭരണം/വിപണനം/ സേവനം |
| 15 | ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം | : | |
| 16 | മൂലധന നിക്ഷേപം/മൂലധന നിക്ഷേപത്തിലുണ്ടായ വർധനവ് | : | ..................... രൂപ |
| 17 | യന്ത്രങ്ങളുടെ വിവരം/അധികമായി സ്ഥാപിക്കുന്ന യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| 17 എ | ശേഷി വർധിപ്പിക്കുന്നതിനുള്ള അപേക്ഷയാണെങ്കിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്ത് അനുമതി നമ്പറും തീയതിയും | | |
| 18 | ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പേര് (പേര് നൽകിയിട്ടുണ്ടെങ്കിൽ) | : | |
| 19 | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലാണോ? | : | അതെ/അല്ല |
| 20 | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലല്ലെങ്കിൽ ഉടമയുടെ പേരും വിലാസവും (ലീസ് എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/മുദ്രപത്രത്തിൽ ഉള്ള ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 21 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 22 | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | ഒടുക്കിയ തുക :<br>രസീത് നമ്പർ :<br>തീയതി : |

സ്ഥലം:

തീയതി: അപേക്ഷകന്റെ ഒപ്പ്

(ആഫീസ് ആവശ്യത്തിന്)

അപേക്ഷ നമ്പർ : ………………………

തീയതി: …………………………

ഗ്രാമപഞ്ചായത്ത് തീരുമാനം :

ഗ്രാമപഞ്ചായത്ത് തീരുമാനം നമ്പർ, തീയതി :

സെക്രട്ടറിയുടെ ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 5

[ചട്ടം 11 കാണുക]

……………………………………………………….. ഗ്രാമപഞ്ചായത്ത്

സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അനുമതി*

അനുമതി നമ്പർ:

| | | | |
|---|---|---|---|
| 1 | അനുമതി ലഭിച്ചിട്ടുള്ള സംരംഭകന്റെ പേര് മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| 2 | സംരംഭകന്റെ മേൽവിലാസം | : | |
| 3 | PAN (ഉണ്ടെങ്കിൽ മാത്രം)<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | :<br>: | |
| 4 | സംരംഭത്തിന്റെ പേര് | : | |
| 5 | സംരംഭത്തിന്റെ വിശദാംശങ്ങൾ<br>1. വാർഡ് നമ്പർ<br>2. കെട്ടിട നമ്പർ<br>3. വില്ലേജിന്റെ പേര്<br>4. സർവ്വേ നമ്പർ<br>5. സ്ഥലത്തിന്റെ വിസ്തൃതി<br>6. പോസ്റ്റോഫീസ് | : | |
| 6 | സംരംഭത്തിന്റെ വിവരണം<br>1. മൂലധന നിക്ഷേപം (രൂപയിൽ)<br>2. യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| 6 എ | സംരംഭത്തിന്റെ മൂലധന നിക്ഷേപമോ | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | ശേഷിയോ വർധിപ്പിക്കുന്ന സാഹചര്യത്തിൽ<br>1. വർധിപ്പിക്കുന്ന മൂലധന നിക്ഷേപം<br>2. അധികമായി സ്ഥാപിക്കുന്ന യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടെയും കുതിര ശക്തി പ്രത്യേകം രേഖപ്പെടുത്തുക.) | | |
| 7 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 8 | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ :<br>തീയതി : |
| 9 | വ്യവസ്ഥകളോടെയാണ് അനുമതി നൽകുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ | : | |
| 10 | ഗ്രാമപഞ്ചായത്ത് തീരുമാനം | : | നമ്പർ :<br>തീയതി : |

*ഈ അനുമതി പ്രകാരം സംരംഭം സ്ഥാപിച്ചതിനു ശേഷം അത് പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് സെക്രട്ടറിയിൽ നിന്നും നേടിയിരിക്കേണ്ടതാണ്.

സ്ഥലം :

തീയതി : സെക്രട്ടറിയുടെ ഒപ്പ് :

സെക്രട്ടറിയുടെ പേര് :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 6

[ചട്ടം 11 കാണുക]

## സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ പേര് | : | |
| 2 | സംരംഭകന്റെ പേര് മലയാളത്തിൽ<br>ഇംഗ്ലീഷിൽ | :<br>: | |
| 3 | സംരംഭകന്റെ മേൽവിലാസം | : | |
| 4 | മൊബൈൽ നമ്പർ<br>ഇ–മെയിൽ വിലാസം (ഉണ്ടെങ്കിൽ മാത്രം) | : | |
| 5 | GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| 6 | പാൻ നമ്പർ (ഉണ്ടെങ്കിൽ മാത്രം) | : | |
| 7 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വാർഡ് നമ്പർ, സ്ഥലം | : | |
| 8 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ നമ്പർ/സ്റ്റാൾ നമ്പർ/ബങ്ക് നമ്പർ | : | |
| 9 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന വില്ലേജിന്റെ പേര് | : | |
| 10 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന പുരയിടത്തിന്റെ സർവ്വേ നമ്പർ | : | |
| 11 | സംരംഭം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പോസ്റ്റ് ഓഫീസ്, പിൻ നമ്പർ | : | |
| 12 | സംരംഭത്തിൽ ഉപയോഗിക്കുന്ന പ്രധാന അസംസ്കൃത വസ്തുക്കൾ | : | |
| 13 | ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ | : | |
| 14 | സംരംഭത്തിന്റെ മേഖല | : | ഉല്പാദനം/സംഭരണം/വിപണനം/<br>സേവനം |
| 15 | ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം | : | |
| 16 | മൂലധന നിക്ഷേപം | : | …………………….. രൂപ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 17 | യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| 18 | ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തിന്റെ പേര് (പേര് നൽകിയിട്ടുണ്ടെങ്കിൽ) | : | |
| 19 | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലാണോ? | : | അതെ/അല്ല |
| 20 | കെട്ടിടം/പുരയിടം അപേക്ഷകന്റെ ഉടമസ്ഥതയിലല്ലെങ്കിൽ ഉടമയുടെ പേരും വിലാസവും (ലീസ് എഗ്രിമെന്റ്/വാടക കരാർ എന്നിവയുടെ പകർപ്പ്/മുദ്രപത്രത്തിൽ ഉള്ള ഉടമയുടെ സമ്മതപത്രം ഹാജരാക്കണം) | : | |
| 21 | വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന ഏരിയകൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ വ്യവസായ യൂണിറ്റിന്റെ പ്ലോട്ട് നമ്പരും പേരും പ്ലോട്ട് അനുവദിച്ച് കൊണ്ടുള്ള ഉത്തരവിന്റെ വിവരങ്ങളും പകർപ്പും | : | |
| 22 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | | |
| 23 | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | ഒടുക്കിയ തുക :<br>രസീത് നമ്പർ :<br>തീയതി : |

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ് :

(ആഫീസ് ആവശ്യത്തിന്)

അപേക്ഷ നമ്പർ ………………………………

അപേക്ഷ തീയതി …………………………….

രജിസ്ട്രേഷൻ നമ്പരും തീയതിയും :

രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ നമ്പരും തീയതിയും തുകയും :

ഉദ്യോഗസ്ഥന്റെ ഒപ്പും തീയതിയും :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 7

[11, 23 എന്നീ ചട്ടങ്ങൾ കാണുക]

............................................ ഗ്രാമപഞ്ചായത്ത്

സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

| | | | |
|---|---|---|---|
| 1 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നമ്പർ | : | |
| 2 | സംരംഭത്തിന്റെ പേര്<br>GSTIN (ഉണ്ടെങ്കിൽ മാത്രം) | : | |
| 3 | സംരംഭകന്റെ പേരും വിലാസവും | : | |
| 4 | സംരംഭത്തിന്റെ മേഖല | : | |
| 5 | സംരംഭത്തിന്റെ മൂലധന നിക്ഷേപം | : | |
| 6 | യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| 7 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 8 | രജിസ്ട്രേഷൻ ഫീസ് തുകയും രസീത് നമ്പരും തീയതിയും | : | |
| 9 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി | : | .................. മുതൽ ............... വരെ |
| 10 | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലേയും 2025-ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലേയും ഈ സർട്ടിഫിക്കറ്റിന്റെ ചുവടെ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കും പുറമേ സംരംഭകൻ പാലിക്കേണ്ട മറ്റ് വ്യവസ്ഥകൾ | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | (ആവശ്യമെങ്കിൽ ചേർക്കുക) | | |

സ്ഥലം :

തീയതി : സെക്രട്ടറിയുടെ ഒപ്പ് :

(ആഫീസ് മുദ്ര)

(മറുപുറം)

സംരംഭകൻ താഴെ പറയുന്ന വ്യവസ്ഥകൾ അനുസരിക്കേണ്ടതാകുന്നു.–

(എ) 1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും (1994–ലെ 13) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും ബൈലോകളിലെയും വ്യവസ്ഥകൾ അനുസരിച്ച് സംരംഭങ്ങൾ നടത്തേണ്ടതാണ്;

(ബി) സംരംഭവും അതിനുള്ളിലുള്ള സാധനസാമഗ്രികളും സെക്രട്ടറിക്കോ സെക്രട്ടറി അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥർക്കോ പരിശോധിക്കുന്നതിന് സംരംഭകൻ ആവശ്യമായ സൗകര്യങ്ങൾ നൽകേണ്ടതാണ്;

(സി) ഏത് സ്ഥലത്തിന്റെ/കെട്ടിടത്തിന്റെ കാര്യത്തിൽ രജിസ്ട്രേഷൻ നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത്/കെട്ടിടത്തിൽ എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് നൽകിയിട്ടുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്;

(ഡി) ഗ്രാമപഞ്ചായത്തിൽ നിന്നും അനുവാദം സിദ്ധിച്ച ശേഷമല്ലാതെ സംരംഭ സ്ഥലം മാറ്റാൻ പാടില്ലാത്തതും സംരംഭം നിർത്തുന്ന പക്ഷം വിവരം മുൻകൂട്ടി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതുമാകുന്നു;

(ഇ) സംരംഭകൻ സംരംഭവും പരിസരവും എല്ലായ്പ്പോഴും വൃത്തിയായും സാംക്രമിക രോഗാണുക്കൾ ഉണ്ടാകാത്തവിധത്തിലും സൂക്ഷിക്കേണ്ടതും ഭക്ഷണപദാർത്ഥങ്ങൾ ഈച്ച, രോഗാണുക്കൾ, പൊടി മുതലായവയുടെ ശല്യം ഉണ്ടാകാത്തവിധത്തിലും സൂക്ഷിക്കേണ്ടതുമാണ്;

(എഫ്) ഏതൊരു പ്രവൃത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്;

(ജി) സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയോ പുരയിടത്തിന്റെയോ ഏതെങ്കിലും ഭാഗത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ സംരംഭകൻ നീക്കം ചെയ്യിക്കേണ്ടതാണ്;

(എച്ച്) സംരംഭകൻ ഏതൊരു കെട്ടിടത്തിന്റെയും ചുമരുകളുടെ അകവശത്തിന്റെ എല്ലാ ഭാഗവും മേൽപ്പറഞ്ഞ പുരയിടത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചു വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ, അസഹ്യമോ, ഉപദ്രവകരമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നന്നായും കേടുപാട് തീർത്തും വയ്പ്പിക്കേണ്ടതാണ്;

(ഐ) സംരംഭകൻ, സംരംഭം സ്ഥിതി ചെയ്യുന്ന പുരയിടത്തിലോ, അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും അഴുക്കു ജലം സംസ്കരിക്കുന്നതിനുള്ള സംവിധാനവും എപ്പോഴും നന്നായും കേടുപാടു തീർത്തും വയ്പ്പിക്കേണ്ടതാണ്;

(ജെ) സംരംഭത്തിൽ നിന്നോ സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നോ ഉള്ള മലിന ജലം പൊതു അഴുക്കുചാലുകൾ, റോഡ്, തെരുവ്, പൊതുസ്ഥലം, ജലാശയം അല്ലെങ്കിൽ ജലമാർഗ്ഗം എന്നിവിടങ്ങളിലേയ്ക്ക് ഒഴുക്കി വിടാൻ പാടില്ല;

(കെ) അയിത്തം ആചരിക്കുന്ന സംരംഭങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതാണ്;

(എൽ) സംരംഭം നടത്തുന്നതിന് ഉപയോഗിക്കുന്ന ഏതൊരു പരിസരത്തും ഏതെങ്കിലും തരത്തിലുള്ള വ്രണമുള്ള ഏതൊരാളും പ്രവർത്തിക്കുവാൻ പാടില്ലാത്തതാകുന്നു;

(എം) ആരോഗ്യത്തിന് ഹാനികരമായതും ഉപയോഗ യോഗ്യമല്ലാത്തതും പഴകിയതും ആയ ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ല;

(എൻ) ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കേണ്ടതാണ്;

(ഒ) നിരോധിത പ്ലാസ്റ്റിക് ഇനങ്ങൾ ഉല്പ്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ പാടില്ല;

(പി) സ്ഥാപനത്തിന് ബോർഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ക്യൂ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും (1994-ലെ 13) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുശാസിക്കുന്ന സാനിറ്റേഷൻ സൗകര്യങ്ങൾ എല്ലാ സംരംഭങ്ങളിലും ഉണ്ടായിരിക്കേണ്ടതും അവ എല്ലായ്പ്പോഴും വൃത്തിയായി പരിപാലിക്കേണ്ടതുമാണ്. സംരംഭത്തിൽ എത്തുന്ന എല്ലാപേർക്കും അവ പ്രാപ്യമായിരിക്കേണ്ടതുമാണ്;

(ആർ) നിരോധിത ഉൽപ്പന്നങ്ങളായ പാൻമസാല, ഗുഡ്ക തുടങ്ങിയവ സംഭരിച്ചു വെക്കുവാനോ വിൽക്കുവാനോ പാടില്ല;

(എസ്) ബാലവേല അനുവദിക്കുവാൻ പാടില്ല;

(റ്റി) മാലിന്യം ഉറവിടത്തിൽ വേർതിരിക്കൽ, മാലിന്യത്തിന്റെ പുനരുപയോഗം, മാലിന്യസംസ്കരണം എന്നിവക്കായി ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന മാലിന്യപരിപാലന സംവിധാനങ്ങൾ സംരംഭകർ സ്വന്തം ചെലവിൽ സംരംഭം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരുക്കേണ്ടതാണ്;

(യു) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടതും അജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന ഏജൻസിക്ക് കൈമാറേണ്ടതുമാണ്. ഇത്തരത്തിൽ മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തുന്ന വാതിൽപ്പടി സേവനങ്ങൾക്ക് സംരംഭകർ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന യൂസർ ഫീസ് ഏജൻസിക്ക് നൽകേണ്ടതുമാണ്;

(വി) കേന്ദ്ര സംസ്ഥാന സർക്കാരുകളും ഗ്രാമപഞ്ചായത്തും കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന നിബന്ധനകൾ സംരംഭകൻ പാലിക്കേണ്ടതാണ്;

(ഡബ്ല്യൂ) റസ്റ്റാറന്റുകൾ, ഭക്ഷണശാലകൾ, ഹോട്ടലുകൾ, കാപ്പിക്കടകൾ, ചായക്കടകൾ, ബാർബർ ഷോപ്പുകൾ, ബ്യൂട്ടീ പാർലറുകൾ തുടങ്ങിയവയിൽ പൊതുജനങ്ങളിൽപ്പെട്ട ഏതൊരംഗത്തിനും അവിടെ പ്രവേശനം ലഭ്യമായിരിക്കുന്നതാണ്.

(എക്സ്) മേൽ പറഞ്ഞ വ്യവസ്ഥകളുടെ ലംഘനം ഈ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് കാരണമാകാവുന്നതാണ്.

(വൈ) മറ്റ് വകുപ്പുകൾ/ഏജൻസികളിൽ നിന്നും സിദ്ധിക്കേണ്ട പെർമിഷൻ, ലൈസൻസ്, മറ്റ് ക്ലിയറൻസുകൾ എന്നിവ അതത് സമയങ്ങളിൽ സിദ്ധിക്കേണ്ടതും കാലാവധി കഴിയുന്നതിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുമ്പായി അവ പുതുക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ഈ രജിസ്ട്രേഷൻ സ്വമേധയാ റദ്ദാകുന്നതാണ്.

(ഒപ്പ്)

സെക്രട്ടറി

………………….. ഗ്രാമപഞ്ചായത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 8

[ചട്ടം 22 ഉപചട്ടം (1) കാണുക]

.............................. ഗ്രാമപഞ്ചായത്ത്

ലൈസൻസ് രജിസ്റ്റർ

| | | | |
|---|---|---|---|
| 1 | അപേക്ഷാ നമ്പർ | : | |
| 2 | അപേക്ഷാ തീയതി | : | |
| 3 | ലൈസൻസിയുടെ പേര് | : | |
| 4 | ലൈസൻസിയുടെ മേൽവിലാസം | : | |
| 5 | ആധാർ നമ്പർ<br>പാൻ നമ്പർ (ഉണ്ടെങ്കിൽ മാത്രം) | : | |
| 6 | സംരംഭത്തിന്റെ വിശദാംശങ്ങൾ<br>i. സംരംഭത്തിന്റെ പേര്<br>ii. വാർഡ് നമ്പർ<br>iii. കെട്ടിട നമ്പർ<br>iv. വില്ലേജിന്റെ പേര്<br>v. സർവ്വേ നമ്പർ<br>vi. പോസ്റ്റോഫീസ്<br>vii. വാഹന നമ്പർ, പ്രവർത്തന മേഖലയുള്ള ഗ്രാമപഞ്ചായത്തുകൾ (മൊബൈൽ സെയിൽസ്/ സേവനങ്ങളുടെ സംഗതിയിൽ) | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| 7 | ലൈസൻസ് അനുവദിക്കുന്ന സേവനങ്ങൾ /വ്യാപാരങ്ങൾ/വാണിജ്യ പ്രവർത്തനങ്ങൾ /വ്യവസായങ്ങൾ തുടങ്ങിയവയുടെ വിവരങ്ങൾ | : | (1)<br>(2)<br>(3) |
| 8 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 9 | മൂലധന നിക്ഷേപം | : | |
| 10 | ലൈസൻസ് നമ്പർ | : | |
| 11 | ലൈൻസിന്റെ കാലാവധി | : | ........... തീയതി മുതൽ ............ തീയതി വരെ |
| 12 | ലൈസൻസ് ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ :<br>തീയതി : |
| 13 | സെക്രട്ടറിയുടെ ഒപ്പ് | : | |
| 14 | റിമാർക്സ് | : | |
| 15 | ലൈസൻസ് പുതുക്കൽ വിവരങ്ങൾ | | |

| ക്രമ നമ്പർ | ലൈസൻസ് പുതുക്കി നൽകിയ തീയതി | കാലാവധി | | ലൈസൻസ് ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | | | സെക്രട്ടറിയുടെ ഒപ്പ് |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | തുക | രസീത് നമ്പർ | തീയതി | |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 9

[ചട്ടം 22 ഉപചട്ടം (1) കാണുക]

...................................... ഗ്രാമപഞ്ചായത്ത്

പെർമിഷൻ രജിസ്റ്റർ

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | : | |
| 2 | അപേക്ഷകന്റെ മേൽവിലാസം | : | |
| 3 | ആധാർ നമ്പർ | : | |
| 4 | പാൻ നമ്പർ (ഉണ്ടെങ്കിൽ മാത്രം) | : | |
| 5 | സംരംഭത്തിന്റെ പേര് | : | |
| 6 | സംരംഭത്തിന്റെ വിശദാംശങ്ങൾ<br><br>i. വാർഡ് നമ്പർ<br>ii. കെട്ടിട നമ്പർ<br>iii. വില്ലേജിന്റെ പേര്<br>iv. സർവ്വേ നമ്പർ<br>v. സ്ഥലത്തിന്റെ വിസ്തൃതി<br>vi. പോസ്റ്റോഫീസ് | : | |
| 7 | സംരംഭത്തിന്റെ വിവരണം<br><br>1. മൂലധന നിക്ഷേപം (രൂപയിൽ)<br>2. യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| 8 | സംരംഭത്തിന്റെ പ്രവർത്തന സ്വഭാവം | : | |
| 9 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | | |
| 10 | ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ :<br>തീയതി : |
| 11 | ഗ്രാമപഞ്ചായത്ത് തീരുമാനം | : | നമ്പർ :<br>തീയതി : |
| 12 | വ്യവസ്ഥകളോടെയാണ് അനുമതി നൽകുന്നതെങ്കിൽ അതിന്റെ വിശദാംശങ്ങൾ | : | |
| 13 | സെക്രട്ടറിയുടെ ഒപ്പ് | : | |
| 14 | റിമാർക്സ് | : | |

| 15 | സംരംഭത്തിന്റെ ശേഷി വർധിപ്പിച്ചുണ്ടെങ്കിൽ അനുമതി നൽകിയതിന്റെ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | അനുമതി പുതുക്കി നൽകിയ തീയതി | വർധിപ്പിച്ച ശേഷി സംബന്ധിച്ച വിവരങ്ങൾ | | പെർമിഷൻ ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | | | സെക്രട്ടറിയുടെ ഒപ്പ് |
| | | യന്ത്രങ്ങളുടെ വിവരം | മൂലധന നിക്ഷേപം | തുക | രസീത് നമ്പർ | തീയതി | |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം - 10

[ചട്ടം 22 ഉപചട്ടം (1) കാണുക]

.............................. ഗ്രാമപഞ്ചായത്ത്

സംരംഭക രജിസ്ട്രേഷൻ രജിസ്റ്റർ

| | | | |
|---|---|---|---|
| 1 | അപേക്ഷാ നമ്പർ | : | |
| 2 | അപേക്ഷാ തീയതി | : | |
| 3 | അപേക്ഷകന്റെ പേര് | : | |
| 4 | അപേക്ഷകന്റെ മേൽവിലാസം | : | |
| 5 | സംരംഭത്തിന്റെ വിശദാംശങ്ങൾ<br>(i) വാർഡ് നമ്പർ<br>(ii) കെട്ടിട നമ്പർ<br>(iii) വില്ലേജിന്റെ പേര്<br>(iv) സർവ്വേ നമ്പർ<br>(v) സ്ഥലത്തിന്റെ വിസ്തൃതി<br>(vi) പോസ്റ്റോഫീസ് | : | |
| 6 | വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന ഏരിയകൾ, കയറ്റുമതി സംസ്കരണ മേഖലകൾ, വ്യവസായ പാർക്കുകൾ, വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നതെങ്കിൽ അതിന്റെ പേരും | : | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | |
|---|---|---|---|
| | വ്യവസായ യൂണിറ്റിന്റെ പ്ലോട്ട് നമ്പരും പേരും | | |
| 7 | സംരംഭത്തിന്റെ മേഖല | : | |
| 8 | സംരംഭത്തിന്റെ മൂലധന നിക്ഷേപം | : | |
| 9 | യന്ത്രങ്ങളുടെ വിവരം (ഓരോ യന്ത്രങ്ങളുടേയും കുതിരശക്തി പ്രത്യേകം രേഖപ്പെടുത്തുക) | : | |
| 10 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | : | വൈറ്റ്/ഗ്രീൻ/ഓറഞ്ച്/റെഡ് |
| 11 | രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | : | തുക :<br>രസീത് നമ്പർ :<br>തീയതി : |
| 12 | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി | : | ............ മുതൽ .......... വരെ |
| 13 | രജിസ്ട്രേഷൻ നമ്പർ | : | |
| 14 | സെക്രട്ടറിയുടെ ഒപ്പ് | : | |
| 15 | റിമാർക്ക്സ് | : | |

| 16 | രജിസ്ട്രേഷൻ പുതുക്കൽ വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | രജിസ്ട്രേഷൻ പുതുക്കി നൽകിയ തീയതി | കാലാവധി | | രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ | | | സെക്രട്ടറിയുടെ ഒപ്പ് |
| | | മുതൽ | വരെ | തുക | രസീത് നമ്പർ | തീയതി | |
| 1 | | | | | | | |
| 2 | | | | | | | |
| 3 | | | | | | | |
| | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 11

[ചട്ടം 22 ഉപചട്ടം (2) കാണുക]

........................................ ഗ്രാമപഞ്ചയത്ത്

കൺസോളിഡേറ്റഡ് ലൈസൻസി ഇഷ്യൂ രജിസ്റ്റർ

| ക്രമ നമ്പർ | ലൈസൻസ് നമ്പർ/ തീയതി | ലൈസൻസിയുടെ പേരും മേൽവിലാസവും | സംരംഭത്തിന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ/ സർവ്വെ നമ്പർ | ലെസൻസ് മൊബൈൽ സെയിൽസ് /സർവ്വീസ് വാഹനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവയ്ക്കാണെങ്കിൽ അതിന്റെ രജിസ്ട്രേഷൻ നമ്പരും പ്രവർത്തന മേഖലയുള്ള ഗ്രാമപഞ്ചായത്തുകളും | സംരംഭത്തിന്റെ തരം | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം സംരംഭം ഉൾപ്പെടുന്ന കാറ്റഗറി | ലൈസൻസിന്റെ കാലാവധി അവസാനിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| | | | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 12

[ചട്ടം 22 ഉപചട്ടം (2) കാണുക]

## കൺസോളിഡേറ്റഡ് രജിസ്ട്രേഷൻ ഇഷ്യു രജിസ്റ്റർ

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ /തീയതി | സംരംഭകന്റെ പേരും മേൽവിലാസവും | സംരംഭത്തിന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ/ സർവ്വെ നമ്പർ | സംരംഭത്തിന്റെ തരം | മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം സംരംഭം ഉൾപ്പെട്ടുന്ന കാറ്റഗറി | രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 13

[ചട്ടം 22 ഉപചട്ടം (2) കാണുക]

................................ ഗ്രാമപഞ്ചായത്ത്

ഒന്നിലധികം ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ സർവ്വീസ് നടത്തുന്ന മൊബൈൽ സെയിൽസ്/സേവനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവ സംബന്ധിച്ച രജിസ്റ്റർ

| ക്രമ നമ്പർ | ലൈസൻസ് നമ്പർ /തീയതി | ലൈസൻസിയുടെ പേരും മേൽവിലാസവും | സംരംഭത്തിന്റെ പേര് | വാഹനത്തിന്റെ നമ്പർ | സംരംഭത്തിന്റെ തരം | ലൈസൻസ് അനുവദിച്ച സംരംഭത്തിന്റെ പ്രവർത്തന മേഖല ഉൾപ്പെട്ടു വരുന്ന ഗ്രാമപഞ്ചായത്തുകൾ | ലൈസൻസിന്റെ കാലാവധി അവസാനിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം – 14

[ചട്ടം 22 ഉപചട്ടം (2) കാണുക]

…………………………….. ഗ്രാമപഞ്ചായത്ത്

മറ്റ് ഗ്രാമപഞ്ചായത്തുകൾ നൽകിയ ലൈസൻസ് പ്രകാരം സർവ്വീസ് നടത്താവുന്ന മൊബൈൽ സെയിൽസ്/സേവനങ്ങൾ, മൊബൈൽ റസ്റ്റോറന്റുകൾ, ഹൗസ് ബോട്ടുകൾ എന്നിവ സംബന്ധിച്ച രജിസ്റ്റർ

| ക്രമ നമ്പർ | ലൈസൻസ് നമ്പർ /തീയതി | ലൈസൻസിയുടെ പേരു മേൽവിലാസവും | സംരംഭത്തിന്റെ പേര് | വാഹന നമ്പർ | സംരംഭത്തിന്റെ തരം | ലൈസൻസ് അനുവദിച്ച ഗ്രാമപഞ്ചായത്തിന്റെ പേര് | ലൈസൻസിന്റെ കാലാവധി അവസാനിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | | | | | | | | |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല എന്നാൽ അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി 1994-ലെ കേരള പഞ്ചായത്ത് രാജ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്റ്റ്, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് തുടങ്ങിയവയിൽ നിലവിൽ വന്നിട്ടുള്ള ഭേദഗതികളും 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിലെ വ്യവസ്ഥകളും കണക്കിലെടുത്തുകൊണ്ട് 1996-ലെ The Kerala Panchayat Raj (Issue of License to Factories, Trades, Entrepreneurship activities and other services) Rules-ലെ വ്യവസ്ഥകൾ കൂടുതൽ സംരംഭക സൗഹൃദമാക്കി കാലാനുസൃതമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തുകളിലെ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ, അനുമതികൾ, രജിസ്ട്രേഷനുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നിലവിലുള്ള ചട്ടത്തിന് പകരം പുതിയ ചട്ടം പുറപ്പെടുവിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.18 11:39:12 +05:30